# അഭിപ്രായവ്യത്യാസങ്ങളിൽ മുസ്‌ലിമിന്റെ നിലപാട്

ഗ്രന്ഥകാരൻ

അബ്ദു റഹ്മാൻ ബ്ൻ നാസിർ അൽ– ബറാക്ക്

വിവർത്തനവും അടിക്കുറിപ്പുകളും

അബ്ദുൽ മുഹ്സിൻ അയ്ദീദ്, പൊന്നാനി.

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

അല്ലാഹുവിനാകുന്നു സർവ്വ സ്തുതികളും. അല്ലാഹുവിന്റെ അടിമയും പ്രവാചകനുമായ നബി(സ)യുടെ മേലും അവിടുത്തെ കുടുംബത്തിന്റെ മേലും അനുചരന്മാരുടെ മേലും അവിടുത്തെ മാർഗം സ്വീകരിച്ചവരുടെ അല്ലാഹുവിന്റെ സ്വലാത്തും അനുഗ്രഹവും ഉണ്ടാകുമാറാകട്ടെ.

﴿ تَبَٰرَكَ ٱلَّذِى بِيَدِهِ ٱلْمُلْكُ وَهُوَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿١﴾ ٱلَّذِى خَلَقَ ٱلْمَوْتَ وَٱلْحَيَوٰةَ لِيَبْلُوَكُمْ أَيُّكُمْ أَحْسَنُ عَمَلًا ۚ وَهُوَ ٱلْعَزِيزُ ٱلْغَفُورُ ﴿٢﴾ ﴾

الملك: ١ - ٢

അല്ലാഹു പറഞ്ഞിരിക്കുന്നു : <<ആധിപത്യം ഏതൊരുവന്റെ കയ്യിലാണോ അവൻ അനുഗ്രഹപൂർണ്ണനായിരിക്കുന്നു. അവൻ ഏതു കാര്യത്തിനും കഴിവുള്ളവനാകുന്നു. നിങ്ങളിൽ **ആരാണ് കൂടുതൽ നന്നായി പ്രവർത്തിക്കുന്നവൻ എന്ന് പരീക്ഷിക്കുവാൻ വേണ്ടി** മരണവും ജീവിതവും സൃഷ്ടിച്ചവനാകുന്നു അവൻ. അവൻ പ്രതാപിയും ഏറെ പൊറുക്കുന്നവനുമാകുന്നു.>> (അൽ–മുൽക് :1,2)

﴿ إِنَّا جَعَلْنَا مَا عَلَى ٱلْأَرْضِ زِينَةً لَّهَا لِنَبْلُوَهُمْ أَيُّهُمْ أَحْسَنُ عَمَلًا ﴿٧﴾ ﴾ الكهف: ٧

അല്ലാഹു പറഞ്ഞിരിക്കുന്നു : <<തീർച്ചയായും ഭൂമുഖത്തുള്ളതിനെ നാം ഒരു അലങ്കാരമാക്കിയിരിക്കുന്നു. മനുഷ്യരിൽ **ആരാണ് ഏറ്റവും നല്ല നിലയിൽ പ്രവർത്തിക്കുന്നത് എന്ന് നാം പരീക്ഷിക്കുവാൻ വേണ്ടി.>>** (അൽ–കഹ്ഫ്:7)

﴿ وَهُوَ ٱلَّذِى خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ فِى سِتَّةِ أَيَّامٍ وَكَانَ عَرْشُهُۥ عَلَى ٱلْمَآءِ لِيَبْلُوَكُمْ أَيُّكُمْ أَحْسَنُ عَمَلًا ﴾هود: ٧

അല്ലാഹു പറഞ്ഞിരിക്കുന്നു : <<ആറുദിവസങ്ങളിലായി ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചത് അവനത്രെ. അവന്റെ അർശ് (സിംഹാസനം) വെള്ളത്തിൻമേലായിരുന്നു. **നിങ്ങളിൽ ആരാണ് കർമ്മം കൊണ്ട് ഏറ്റവും നല്ലവൻ എന്നറിയുന്നതിന് നിങ്ങളെ പരീക്ഷിക്കുവാൻ വേണ്ടിയത്രെ അത്.>>** (ഹൂദ് :7)

എല്ലാ സൃഷ്ടികളെയും സൃഷ്ടിച്ചതിന് പിന്നിലുള്ള അല്ലാഹുവിന്റെ യുക്തി അടിമകളെ പരീക്ഷിക്കുക എന്നതാണെന്ന് ഈ ആയത്തുകൾ അറിയിക്കുന്നു. സൽകർമ്മികളെ ദുഷ്കർമ്മികളിൽ നിന്ന് വേർതിരിക്കുകയും, ഏറ്റവും നന്നായി പ്രവർത്തിക്കുന്നത് ആരാണെന്ന് വ്യക്തമാകുന്നതിനും വേണ്ടിയാണ് ഈ സൃഷ്ടിപ്പ്.

അതിനാൽ ഈ ജീവിതം പരീക്ഷണത്തിന്റെ വേദിയാണ്. ഈ ജീവിതയാത്ര ആരംഭിച്ചതു പോലും പരീക്ഷണത്തോടെയാണ്. ഇബ്‌ലീസിനെ കൊണ്ട് ആദം(അ)യെ പരീക്ഷിച്ചതു മുതൽ അത് ആരംഭിച്ചിട്ടുണ്ട്. അഹങ്കാരവും അസൂയയും കാരണത്താൽ ആദമിന് സുജൂദ് ചെയ്യാൻ ഇബ്‌ലീസ് വിസമ്മതിക്കുകയും, മനുഷ്യരുടെ ആദിമ പിതാവിനെയും മാതാവിനെയും അല്ലാഹു സ്വർഗത്തിൽ പ്രവേശിപ്പിക്കുകയും, ഒരു മരത്തിൽ നിന്ന് ഭക്ഷിക്കുന്നത് അവരോട് വിലക്കുകയും, ഇബ്‌ലീസിനെ കൊണ്ട് അവരെ രണ്ട് പേരെയും അല്ലാഹു

പരീക്ഷിക്കുകയും, ഇബ്‌ലീസ് അവരെ വഞ്ചിക്കുകയും, ആ മരത്തിൽ നിന്ന് ഭക്ഷിക്കുന്നത് അലങ്കാരമാക്കി അവർക്ക് തോന്നിപ്പിക്കുകയും ചെയ്തതു മുതൽ ഈ പരീക്ഷണങ്ങൾ ആരംഭിച്ചിട്ടുണ്ട്.

﴿ فَدَلَّىٰهُمَا بِغُرُورٍ ۚ فَلَمَّا ذَاقَا ٱلشَّجَرَةَ بَدَتْ لَهُمَا سَوْءَٰتُهُمَا وَطَفِقَا يَخْصِفَانِ عَلَيْهِمَا مِن وَرَقِ ٱلْجَنَّةِ ۖ وَنَادَىٰهُمَا رَبُّهُمَآ أَلَمْ أَنْهَكُمَا عَن تِلْكُمَا ٱلشَّجَرَةِ وَأَقُل لَّكُمَآ إِنَّ ٱلشَّيْطَٰنَ لَكُمَا عَدُوٌّ مُّبِينٌ ﴿٢٢﴾ قَالَا رَبَّنَا ظَلَمْنَآ أَنفُسَنَا وَإِن لَّمْ تَغْفِرْ لَنَا وَتَرْحَمْنَا لَنَكُونَنَّ مِنَ ٱلْخَٰسِرِينَ ﴿٢٣﴾ قَالَ ٱهْبِطُوا۟ بَعْضُكُمْ لِبَعْضٍ عَدُوٌّ ۖ وَلَكُمْ فِى ٱلْأَرْضِ مُسْتَقَرٌّ وَمَتَٰعٌ إِلَىٰ حِينٍ ﴿٢٤﴾ ﴾ الأعراف: ٢٢ - ٢٤

അല്ലാഹു പറഞ്ഞു : <<അങ്ങനെ അവർ ഇരുവരെയും വഞ്ചനയിലൂടെ അവൻ തരംതാഴ്ത്തിക്കളഞ്ഞു. അവർ ഇരുവരും ആ വൃക്ഷത്തിൽ നിന്ന് രുചി നോക്കിയതോടെ അവർക്ക് അവരുടെ ഗോപ്യസ്ഥാനങ്ങൾ വെളിപ്പെട്ടു. ആ തോട്ടത്തിലെ ഇലകൾ കൂട്ടിചേർത്ത് അവർ ഇരുവരും തങ്ങളുടെ ശരീരം പൊതിയാൻ തുടങ്ങി. അവർ ഇരുവരെയും വിളിച്ച് അവരുടെ രക്ഷിതാവ് പറഞ്ഞു: ആ വൃക്ഷത്തിൽ നിന്ന് നിങ്ങളെ ഞാൻ വിലക്കിയിട്ടില്ലേ? തീർച്ചയായും പിശാച് നിങ്ങളുടെ പ്രത്യക്ഷശത്രുവാണെന്ന് ഞാൻ നിങ്ങളോട് പറഞ്ഞിട്ടുമില്ലേ? അവർ രണ്ടുപേരും പറഞ്ഞു: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഞങ്ങളോട് തന്നെ അക്രമം ചെയ്തിരിക്കുന്നു. നീ ഞങ്ങൾക്ക് പൊറുത്തുതരികയും, കരുണ കാണിക്കുകയും ചെയ്തില്ലെങ്കിൽ തീർച്ചയായും ഞങ്ങൾ നഷ്ടം പറ്റിയവരുടെ കൂട്ടത്തിലായിരിക്കും. അവൻ (അല്ലാഹു) പറഞ്ഞു: നിങ്ങൾ ഇറങ്ങിപ്പോകൂ. നിങ്ങളിൽ ചിലർ ചില ർക്ക് ശത്രുക്കളായിരിക്കും. നിങ്ങൾക്ക് ഭൂമിയിൽ വാസസ്ഥലമുണ്ട്. ഒരു നിശ്ചിതസമയം വരെ ജീ വിതസൗകര്യങ്ങളുമുണ്ട്.>> (അൽ-അഅ്റാഫ് :22-24)

ആദമിനെയും അദ്ദേഹത്തിന്റെ ഇണയെയും ഇബ്‌ലീസിനെയും അല്ലാഹു ഭൂമിയിലേക്ക് അയച്ചു. അവിടന്നങ്ങോട്ട് ഭൂമിയിലെ പരീക്ഷണങ്ങളുടെ യാത്ര ആരംഭിച്ചു.

അല്ലാഹു അവന്റെ അടിമകളെ അവർക്ക് നൽകിയ **അനുഗ്രഹങ്ങൾ** കൊണ്ട് പരീക്ഷിക്കും. **നന്മ** കൊണ്ടും **തിന്മ** കൊണ്ടും അവരെ പരീക്ഷിക്കും. **അവരിൽ പെട്ട ചിലരെ** കൊണ്ട് മറ്റു ചിലരെ പരീക്ഷിക്കും. അല്ലാഹുവിന്റെ **ശത്രുക്കളെ** കൊണ്ട് അവന്റെ ഔലിയാക്കളെ അവൻ പരീക്ഷിക്കും. അല്ലാഹുവിന്റെ ശത്രുക്കൾക്ക് അവന്റെ **ഔലിയാക്കൾ** പരീക്ഷണമായിരിക്കും.

﴿ وَكَذَٰلِكَ فَتَنَّا بَعْضَهُم بِبَعْضٍ لِّيَقُولُوٓا۟ أَهَٰٓؤُلَآءِ مَنَّ ٱللَّهُ عَلَيْهِم مِّنۢ بَيْنِنَآ ۗ أَلَيْسَ ٱللَّهُ بِأَعْلَمَ بِٱلشَّٰكِرِينَ ﴿٥٣﴾ ﴾ الأنعام: ٥٣

അല്ലാഹു പറയുന്നത് നോക്കൂ : <<അപ്രകാരം **അവരിൽ ചിലരെ മറ്റു ചിലരെക്കൊണ്ട് നാം പരീക്ഷണ വിധേയരാക്കിയിരിക്കുന്നു**. ഞങ്ങളുടെ ഇടയിൽ നിന്ന് അല്ലാഹു അനുഗ്രഹിച്ചിട്ടുള്ളത് ഇക്കൂട്ടരെയാണോ എന്ന് അവർ പറയുവാൻ വേണ്ടിയത്രെ അത്. നന്ദി കാണിക്കുന്നവരെപ്പറ്റി അല്ലാഹു നല്ലവണ്ണം അറിയുന്നവനല്ലയോ?>> (അൽ-അൻആം: 53)

അല്ലാഹു അവന്റെ വിധികളും വിലക്കുകളും അവതരിപ്പിച്ചിട്ടുള്ള അവന്റെ **മതനിയമങ്ങൾ** കൊണ്ടും അവരെ പരീക്ഷിക്കും. ഈ പരീക്ഷണത്തിന്റെ പാതയിലൂടെ ആദം(അ)യും അദ്ദേഹത്തിന്റെ സന്തതികളും സഞ്ചരിച്ചു. അവരുടെ യാത്ര അവസാനിക്കുമ്പോൾ അല്ലാഹുവിന്റെ അടുക്കൽ നിന്നുള്ള സന്മാർഗത്തിൽ ഉറച്ചു

നിൽക്കുന്നവരും, അവന്റെ ഏകത്വം (തൗഹീദ്) അംഗീകരിക്കുന്നവരുമായിരുന്നു അവർ. ഇപ്രകാരം (പരീക്ഷണത്തിൽ വിജയികളായി) പത്തു തലമുറകൾ കഴിഞ്ഞു പോയി; അവരെല്ലാം തൗഹീദുള്ളവരായിരുന്നു. താഴെ നൽകിയ ആയത്തിന്റെ വിശദീകരണത്തിൽ ഇബ്നു ബാസ്(റ) ഇപ്രകാരമാണ് പറഞ്ഞത്.

﴿ كَانَ ٱلنَّاسُ أُمَّةً وَٰحِدَةً فَبَعَثَ ٱللَّهُ ٱلنَّبِيِّـۧنَ مُبَشِّرِينَ وَمُنذِرِينَ وَأَنزَلَ مَعَهُمُ ٱلْكِتَٰبَ بِٱلْحَقِّ لِيَحْكُمَ بَيْنَ ٱلنَّاسِ فِيمَا ٱخْتَلَفُوا۟ فِيهِ ۚ وَمَا ٱخْتَلَفَ
فِيهِ إِلَّا ٱلَّذِينَ أُوتُوهُ مِنۢ بَعْدِ مَا جَآءَتْهُمُ ٱلْبَيِّنَٰتُ بَغْيًۢا بَيْنَهُمْ ۖ فَهَدَى ٱللَّهُ ٱلَّذِينَ ءَامَنُوا۟ لِمَا ٱخْتَلَفُوا۟ فِيهِ مِنَ ٱلْحَقِّ بِإِذْنِهِۦ ۗ وَٱللَّهُ يَهْدِى مَن يَشَآءُ
إِلَىٰ صِرَٰطٍ مُّسْتَقِيمٍ ﴿٢١٣﴾ ﴾ البقرة: ٢١٣

അല്ലാഹു പറഞ്ഞു : <<മനുഷ്യർ ഒരൊറ്റ സമുദായമായിരുന്നു. അനന്തരം (അവർ ഭിന്നിച്ചപ്പോൾ വിശ്വാസികൾക്ക്) സന്തോഷവാർത്ത അറിയിക്കുവാനും, (നിഷേധികൾക്ക്) താക്കീത് നൽകുവാനുമായി അല്ലാഹു പ്രവാചകൻമാരെ നിയോഗിച്ചു. അവർ (ജനങ്ങൾ) ഭിന്നിച്ച വിഷയത്തിൽ തീർപ്പുകൽപിക്കുവാനായി അവരുടെ കൂടെ സത്യവേദവും അവൻ അയച്ചുകൊടുത്തു. എന്നാൽ വേദം നൽകപ്പെട്ടവർ തന്നെ വ്യക്തമായ തെളിവുകൾ വന്നുകിട്ടിയതിനു ശേഷം അതിൽ (വേദവിഷയത്തിൽ) ഭിന്നിച്ചിട്ടുള്ളത് അവർ തമ്മിലുള്ള മാത്സര്യം മൂലമല്ലാതെ മറ്റൊന്നുകൊണ്ടുമല്ല. എന്നാൽ ഏതൊരു സത്യത്തിൽ നിന്ന് അവർ ഭിന്നിച്ചകന്നുവോ ആ സത്യത്തിലേക്ക് അല്ലാഹു തന്റെ താൽപര്യപ്രകാരം സത്യവിശ്വാസികൾക്ക് വഴി കാണിച്ചു. താൻ ഉദ്ദേശിക്കുന്നവരെ അല്ലാഹു ശരിയായ പാതയിലേക്ക് നയിക്കുന്നു.>> (അൽ–ബഖറ: 213)

(ഇബ്നു അബ്ബാസ്(റ) ഈ ആയത്തിന്റെ വിശദീകരണത്തിൽ പറഞ്ഞു : "ആദം(അ)ക്കും നൂഹ്(അ)ക്കും ഇടയിൽ പത്ത് തലമുറകളുടെ വിടവുണ്ടായിരുന്നു. അവരെല്ലാവരും സത്യമതത്തിലായിരുന്നു. പിന്നീട് അവർ ഭിന്നിക്കുകയാണുണ്ടായത്. അപ്പോൾ അല്ലാഹു അവരിലേക്ക് സന്തോഷവാർത്ത അറിയുക്കന്നവരായും, താക്കീത് ചെയ്യുന്നവരുമായി പ്രവാചകരെ അയച്ചു." (ഇബ്നു കഥീർ: 1/569.)

അങ്ങനെ (അവർ ഭിന്നിച്ചപ്പോൾ) നൂഹ് നബി(അ)യെ അദ്ദേഹത്തിന്റെ സമൂഹത്തെ താക്കീത് ചെയ്യുന്നതിന് വേണ്ടിയും, അല്ലാഹുവിന്റെ ശിക്ഷയെ സംബന്ധിച്ച് ഭയപ്പെടുത്തുന്നതിനുമായി അല്ലാഹു അയച്ചു. തൊള്ളായിരത്തി അൻപത് വർഷം അവർക്കിടയിൽ നൂഹ് നബി(അ) കഴിച്ചു കൂട്ടി. അല്ലാഹു ഉദ്ദേശിച്ച അവന്റെ ചില ദാസന്മാർ അദ്ദേഹത്തിൽ വിശ്വസിച്ചു.

﴿ وَأُوحِىَ إِلَىٰ نُوحٍ أَنَّهُۥ لَن يُؤْمِنَ مِن قَوْمِكَ إِلَّا مَن قَدْ ءَامَنَ فَلَا تَبْتَئِسْ بِمَا كَانُوا۟ يَفْعَلُونَ ﴿٣٦﴾ ﴾ هود: ٣٦

അല്ലാഹു പറഞ്ഞു : <<നിന്റെ ജനതയിൽ നിന്ന് വിശ്വസിച്ചുകഴിഞ്ഞിട്ടുള്ളവരല്ലാതെ ഇനിയാരും വിശ്വസിക്കുകയേയില്ല. അതിനാൽ അവർ ചെയ്തുകൊണ്ടിരിക്കുന്നതിനെപ്പറ്റി നീ സങ്കടപ്പെടരുത് എന്ന് നൂഹിന് സന്ദേശം നൽകപ്പെട്ടു.>> (ഹൂദ് :36)

അവിടന്നങ്ങോട്ട് ചരിത്രത്തിൽ രണ്ടു വിഭാഗം ആളുകളായി ജനങ്ങൾ വേർതിരിഞ്ഞു.

1 – സത്യവിശ്വാസികൾ (മുഅ്മിനുകൾ).

2 - സത്യനിഷേധികൾ (കാഫിറുകൾ).

(ഈ ഭിന്നത പരിഹരിക്കുന്നതിനായി) പ്രവാചകന്മാർ അയക്കപ്പെട്ടപ്പോഴെല്ലാം ജനങ്ങൾ അവരുടെ ക്ഷണത്തോട് സ്വീകരിച്ച സമീപനത്തിന്റെ അടിസ്ഥാനത്തിൽ രണ്ടു കക്ഷികളായി.

1 - നബിമാരുടെ പ്രബോധനത്തിന് ഉത്തരം നൽകിയ സത്യവിശ്വാസികൾ.

2 - നബിമാരുടെ പ്രബോധനത്തിന് എതിര് പറഞ്ഞ സത്യനിഷേധികൾ.

അല്ലാഹുവിലേക്കുള്ള പ്രബോധനത്തിന്റെ യാത്രയും ചരിത്രവും എക്കാലവും ഇപ്രകാരം തന്നെയാണ് തുടർന്നു പോന്നത്.

﴿ ثُمَّ أَنشَأْنَا مِنۢ بَعْدِهِمْ قُرُونًا ءَاخَرِينَ ﴿٤٢﴾ مَا تَسْبِقُ مِنْ أُمَّةٍ أَجَلَهَا وَمَا يَسْتَـْٔخِرُونَ ﴿٤٣﴾ ثُمَّ أَرْسَلْنَا رُسُلَنَا تَتْرَا ۖ كُلَّ مَا جَآءَ أُمَّةً رَّسُولُهَا كَذَّبُوهُ ۚ فَأَتْبَعْنَا بَعْضَهُم بَعْضًا وَجَعَلْنَٰهُمْ أَحَادِيثَ ۚ فَبُعْدًا لِّقَوْمٍ لَّا يُؤْمِنُونَ ﴿٤٤﴾ ﴾ المؤمنون: ٤٢ - ٤٤

അല്ലാഹു പറയുന്നത് നോക്കുക : <<പിന്നെ അവർക്ക് ശേഷം വേറെ തലമുറകളെ നാം വളർത്തിയെടുത്തു. ഒരു സമുദായവും അതിന്റെ അവധി വിട്ട് മുന്നോട്ട് പോകുകയോ പിന്നോട്ട് പോകുകയോ ഇല്ല. പിന്നെ നാം നമ്മുടെ ദൂതൻമാരെ തുടരെത്തുടരെ അയച്ചു കൊണ്ടിരുന്നു. ഓരോ സമുദായത്തിന്റെ അടുക്കലും അവരിലേക്കുള്ള ദൂതൻ ചെല്ലുമ്പോഴൊക്കെ അവർ അദ്ദേഹത്തെ നിഷേധിച്ചു തള്ളുകയാണ് ചെയ്തത്. അപ്പോൾ അവരെ ഒന്നിനുപുറകെ മറ്റൊന്നായി നാം നശിപ്പിച്ചു. അവരെ നാം സംസാരവിഷയമാക്കിത്തീർക്കുകയും ചെയ്തു. ആകയാൽ വിശ്വസിക്കാത്ത ജനങ്ങൾക്ക് നാശം!>> (അൽ-മുഅ്മിനൂൻ: 42-44)

ജനങ്ങൾ എല്ലായ്പ്പോഴും രണ്ട് വിഭാഗമാണ്; സത്യവിശ്വാസികളും (المؤمن) സത്യനിഷേധികളും (الكافر). അല്ലാഹുവിനെ അനുസരിക്കുന്നവനും (المطيع) ധിക്കരിക്കുന്നവനും (العاصي). പുണ്യവാനും (البَر) തെമ്മാടിയും (الفاجر). ഈ രണ്ട് കക്ഷികളും ഇഹലോകത്തും പരലോകത്തും ഉള്ള കക്ഷികളാണ്.

വിശ്വാസത്തിന്റെയും (ഈമാൻ) സത്യനിഷേധത്തിന്റെയും (കുഫ്ർ) ഇടയിലുള്ള, അനുസരണത്തിന്റെയും ധിക്കാരത്തിന്റെയും ഇടയിലുള്ള, സൂക്ഷ്മതയുടെയും (തഖ്‌വ) തെമ്മാടിത്തത്തിന്റെയും (ഫുജൂർ) ഇടയിലുള്ള ഈ ഭിന്നത **ഗൗരവകരമായ ഭിന്നതയാണ്.**

﴿ هُوَ ٱلَّذِى خَلَقَكُمْ فَمِنكُمْ كَافِرٌ وَمِنكُم مُّؤْمِنٌ ۚ وَٱللَّهُ بِمَا تَعْمَلُونَ بَصِيرٌ ﴿٢﴾ ﴾ التغابن: ٢

അല്ലാഹു പറയുന്നത് നോക്കൂ : <<അവനാണ് നിങ്ങളെ സൃഷ്ടിച്ചവൻ. എന്നിട്ട് നിങ്ങളുടെ കൂട്ടത്തിൽ **സത്യനിഷേധിയുണ്ട്**. നിങ്ങളുടെ കൂട്ടത്തിൽ **വിശ്വാസിയുമുണ്ട്**. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ പറ്റി കണ്ടറിയുന്നവനാകുന്നു.>> (അത്തഗാബുൻ :2)

(ഈ ഭിന്നിപ്പ്) അല്ലാഹുവിന്റെ നിശ്ചയവും, അവന്റെ തീരുമാനവുമാണ്. അതിന്റെ പിന്നിൽ അവന് വളരെ വലിയ യുക്തിയുണ്ട് (حكمة). ഈ ഭിന്നതയുടെ പേരിലാണ് പരസ്പരമുള്ള ആദർശപരമായ ശത്രുതയും യുദ്ധവും

വേറിട്ട് നിൽക്കലും ഉണ്ടാകുന്നത്. കാരണം ഇത് **അടിസ്ഥാനപരമായ ഭിന്നതയാണ്;** ഈമാനിന്റെയും കുഫ്റിന്റെയും പേരിലുള്ള ഭിന്നതയാണ്.

﴿ وَلَوْ شَآءَ ٱللَّهُ مَا ٱقْتَتَلَ ٱلَّذِينَ مِنۢ بَعْدِهِم مِّنۢ بَعْدِ مَا جَآءَتْهُمُ ٱلْبَيِّنَٰتُ وَلَٰكِنِ ٱخْتَلَفُوا۟ فَمِنْهُم مَّنْ ءَامَنَ وَمِنْهُم مَّن كَفَرَ ۚ وَلَوْ شَآءَ ٱللَّهُ مَا ٱقْتَتَلُوا۟ وَلَٰكِنَّ ٱللَّهَ يَفْعَلُ مَا يُرِيدُ ﴿٢٥٣﴾ ﴾ البقرة: ٢٥٣

അല്ലാഹു പറയുന്നത് ശ്രദ്ധിക്കുക : <<അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവരുടെ (ദൂതൻമാരുടെ) പിൻഗാമികൾ വ്യക്തമായ തെളിവ് വന്നുകിട്ടിയതിനു ശേഷവും (അന്യോന്യം) പോരടിക്കുമായിരുന്നില്ല. എന്നാൽ അവർ ഭിന്നിച്ചു. അങ്ങനെ അവരിൽ **വിശ്വസിച്ചവരും നിഷേധിച്ചവരുമുണ്ടായി.** അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവർ പോരടിക്കുമായിരുന്നില്ല. പക്ഷെ അല്ലാഹു താൻ ഉദ്ദേശിക്കുന്നത് ചെയ്യുന്നു.>> (അൽ-ബഖറ :253)

ഈ ഭിന്നിപ്പ് അല്ലാഹു നിശ്ചയിച്ചതും അവൻ വിധിച്ചതുമാണ്. ഈ ഭിന്നത എന്നെന്നും തുടർന്നു കൊണ്ടിരിക്കുകയും ചെയ്യും.

﴿ وَلَوْ شَآءَ رَبُّكَ لَجَعَلَ ٱلنَّاسَ أُمَّةً وَٰحِدَةً ۖ وَلَا يَزَالُونَ مُخْتَلِفِينَ ﴿١١٨﴾ إِلَّا مَن رَّحِمَ رَبُّكَ ۚ وَلِذَٰلِكَ خَلَقَهُمْ ۗ وَتَمَّتْ كَلِمَةُ رَبِّكَ لَأَمْلَأَنَّ جَهَنَّمَ مِنَ ٱلْجِنَّةِ وَٱلنَّاسِ أَجْمَعِينَ ﴿١١٩﴾ ﴾ هود: ١١٨ - ١١٩

അല്ലാഹു പറഞ്ഞത് നോക്കൂ : <<നിന്റെ രക്ഷിതാവ് ഉദ്ദേശിച്ചിരുന്നെങ്കിൽ മനുഷ്യരെ അവൻ ഒരൊറ്റ സമുദായമാക്കുമായിരുന്നു. (എന്നാൽ) അവർ ഭിന്നിച്ചുകൊണ്ടേയിരിക്കുന്നതാണ്. നിന്റെ രക്ഷിതാവ് കരുണ ചെയ്തവരൊഴികെ. **അതിന്നുവേണ്ടിയാണ്** [1] **അവൻ അവരെ സൃഷ്ടിച്ചത്.** ജിന്നുകൾ, മനുഷ്യർ എന്നീ രണ്ട് വിഭാഗത്തെയും കൊണ്ട് ഞാൻ നരകം നിറക്കുക തന്നെ ചെയ്യുന്നതാണ് എന്ന നിന്റെ രക്ഷിതാവിന്റെ വചനം നിറവേറിയിരിക്കുന്നു.>> (11:118,119)

സത്യത്തിനും (الحق) അസത്യത്തിനും (الباطل) ഇടയിലുള്ള, അല്ലാഹുവിന്റെ ഔലിയാക്കൾക്കും ശത്രുക്കൾക്കുമിടയിലുള്ള, അല്ലാഹുവിന്റെ കക്ഷിയും പിശാചിന്റെ കക്ഷിയും തമ്മിലുള്ള ഈ ഭിന്നിപ്പ് തുടർന്നു കൊണ്ടേയിരിക്കും എന്നതിന് ഈ ആയത്ത് തെളിവാണ്. ഭൂമിയുടെ മേൽ എന്നും ഭിന്നിപ്പിൽ നിലനിൽക്കുന്ന രണ്ട് കക്ഷികളാണിവർ.

ഈ അഭിപ്രായവ്യത്യാസങ്ങളിൽ സത്യം ഏതു പക്ഷത്താണെന്നതു **പകൽ പോലെ വ്യക്തമാണ്.** പ്രവാചകന്മാരും അവരുടെ അനുയായികളും നിൽക്കുന്നിടത്താണ് സത്യമുള്ളത്. മോക്ഷവും സൗഭാഗ്യവും

---

[1] ഈ ആയത്തിന്റെ വിശദീകരണത്തിൽ പണ്ഡിതന്മാർക്ക് രണ്ട് അഭിപ്രായങ്ങളുണ്ട്.
ഒന്ന്: അഭിപ്രായവ്യത്യാസത്തിൽ ആയിക്കൊണ്ടിരിക്കുന്നതിന് വേണ്ടിയാണ് അല്ലാഹു അവരെ സൃഷ്ടിച്ചത്. അവന്റെ പ്രാപഞ്ചിക നിയമം (الإرادة الكونية) അപ്രകാരമാണ്.
രണ്ട്: (അഭിപ്രായവ്യത്യാസങ്ങളിൽ സത്യം കണ്ടെത്തി) അല്ലാഹുവിന്റെ കാരുണ്യത്തിൽ അകപ്പെടുന്നതിന് വേണ്ടിയാണ് അവരെ അവൻ സൃഷ്ടിച്ചത്. ഈ അഭിപ്രായപ്രകാരം അത് അല്ലാഹുവിന്റെ മതപരമായ നിയമമാണ് (الإرادة الشرعية) .

വിജയവും ആഗ്രഹിക്കുന്നവർ ഈ ഭാഗത്ത് നിൽക്കട്ടെ. ഇവരുടെ എതിർകക്ഷിയിലുള്ളവരാകട്ടെ അല്ലാഹുവിനോടും റസൂലിനോടും എതിര് നിൽക്കുന്നവരാണ്.

﴿ ذَٰلِكَ بِأَنَّهُمْ شَآقُّواْ ٱللَّهَ وَرَسُولَهُۥۚ وَمَن يُشَاقِقِ ٱللَّهَ وَرَسُولَهُۥ فَإِنَّ ٱللَّهَ شَدِيدُ ٱلْعِقَابِ ﴿١٣﴾ ﴾ الأنفال: ١٣

അല്ലാഹു പറഞ്ഞതും അപ്രകാരമാണല്ലോ : <<അവർ അല്ലാഹുവോടും അവന്റെ ദൂതനോടും എതിർത്തു നിന്നതിന്റെ ഫലമത്രെ അത്. വല്ലവനും അല്ലാഹുവെയും അവന്റെ ദൂതനെയും എതിർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണ്.>> (8:13)

ഇഹപര ലോകങ്ങളിലെ എല്ലാ നന്മകളും ശരിയും വിജയവും സൗഭാഗ്യവും പ്രവാചകന്മാരുടെയും അവരുടെ അനുയായികളുടെയും മാർഗത്തിലാണ്. എല്ലാ തിന്മകളും നിർഭാഗ്യവും വിദൂരമായ വഴികേടും അതിര് കവിയുകയും, പ്രവാചകന്മാരുടെ വഴിയിൽ നിന്ന് മാറി സഞ്ചരിക്കുകയും ചെയ്തവരോടൊപ്പമാണ്.

﴿ وَأَنَّ هَٰذَا صِرَٰطِي مُسْتَقِيمًا فَٱتَّبِعُوهُۖ وَلَا تَتَّبِعُواْ ٱلسُّبُلَ فَتَفَرَّقَ بِكُمْ عَن سَبِيلِهِۦۚ ذَٰلِكُمْ وَصَّىٰكُم بِهِۦ لَعَلَّكُمْ تَتَّقُونَ ﴾
الأنعام: ١٥٣

അതിനാലാണ് അല്ലാഹു ഇപ്രകാരം പറഞ്ഞത് : <<ഇതത്രെ എന്റെ നേരായ പാത. നിങ്ങൾ അത് പിന്തുടരുക. മറ്റുമാർഗങ്ങൾ (സുബുൽ) [2] പിൻപറ്റരുത്. അവയൊക്കെ അവന്റെ (അല്ലാഹുവിന്റെ) മാർഗത്തിൽ നിന്ന് നിങ്ങളെ ചിതറിച്ച് കളയും. നിങ്ങൾ സൂക്ഷ്മത പാലിക്കാൻ വേണ്ടി അവൻ നിങ്ങൾക്ക് നൽകിയ ഉപദേശമാണത്.>> (അൽ–അൻആം :153)

എന്നാൽ ജനങ്ങളിൽ ബഹുഭൂരിപക്ഷം പേരും പിശാചിന്റെ കക്ഷിയിലായിരിക്കും.

﴿ وَلَٰكِنَّ أَكْثَرَ ٱلنَّاسِ لَا يُؤْمِنُونَ ﴿٥٩﴾ ﴾ غافر: ٥٩

അല്ലാഹു പറയുന്നത് നോക്കൂ : <<പക്ഷെ മനുഷ്യരിൽ **അധികപേരും** വിശ്വസിക്കുന്നില്ല.>> (അൽ-ഗാഫിർ :59)

﴿ وَقَلِيلٌ مِّنْ عِبَادِيَ ٱلشَّكُورُ ﴿١٣﴾ ﴾ سبأ: ١٣

അല്ലാഹു പറയുന്നു : <<തികഞ്ഞ നന്ദിയുള്ളവർ എന്റെ ദാസൻമാരിൽ **അപൂർവ്വമത്രെ**.>> (സബഅ് :13)

﴿ وَلَٰكِنَّ أَكْثَرَ ٱلنَّاسِ لَا يَشْكُرُونَ ﴿٣٨﴾ ﴾ يوسف: ٣٨

അല്ലാഹു പറയുന്നു : <<പക്ഷെ മനുഷ്യരിൽ **അധികപേരും** നന്ദികാണിക്കുന്നില്ല.>> (യൂസുഫ് :38)

---

[2] ഇമാം മുജാഹിദ്(റ) പറഞ്ഞു : "സുബുൽ എന്നത് കൊണ്ട് ഉദ്ദേശം ദേഹേഛകളും ബിദ്അത്തുകളുമാണ്."

﴿ وَإِن تُطِعۡ أَكۡثَرَ مَن فِي ٱلۡأَرۡضِ يُضِلُّوكَ عَن سَبِيلِ ٱللَّهِۚ إِن يَتَّبِعُونَ إِلَّا ٱلظَّنَّ وَإِنۡ هُمۡ إِلَّا يَخۡرُصُونَ ١١٦ ﴾ الأنعام: ١١٦

അല്ലാഹു പറയുന്നു : <<ഭൂമിയിലുള്ളവരിൽ **അധികപേരെയും** നീ അനുസരിക്കുന്ന പക്ഷം അല്ലാഹുവിന്റെ മാർഗത്തിൽ നിന്നും നിന്നെ അവർ തെറ്റിച്ചുകളയുന്നതാണ്. ഊഹത്തെ മാത്രമാണ് അവർ പിന്തുടരുന്നത്. അവർ അനുമാനിക്കുക മാത്രമാണ് ചെയ്യുന്നത്.>> (അൽ– അൻആം: 116)

ഈ ഭിന്നതകളിലുള്ള അല്ലാഹുവിന്റെ തീരുമാനം അവൻ പറഞ്ഞിപ്രകാരമാണ്.

﴿ ٱلَّذِينَ ءَامَنُواْ يُقَٰتِلُونَ فِي سَبِيلِ ٱللَّهِۖ وَٱلَّذِينَ كَفَرُواْ يُقَٰتِلُونَ فِي سَبِيلِ ٱلطَّٰغُوتِ فَقَٰتِلُوٓاْ أَوۡلِيَآءَ ٱلشَّيۡطَٰنِۖ إِنَّ كَيۡدَ ٱلشَّيۡطَٰنِ كَانَ ضَعِيفًا ٧٦ ﴾ النساء: ٧٦

<<വിശ്വാസികൾ അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുന്നു. സത്യനിഷേധികളാകട്ടെ, ദുർമൂർത്തികളുടെ മാർഗത്തിൽ യുദ്ധം ചെയ്യുന്നു. **അതിനാൽ പിശാചിന്റെ മിത്രങ്ങളുമായി നിങ്ങൾ യുദ്ധത്തിൽ ഏർപെടുക.** തീർച്ചയായും പിശാചിന്റെ കുതന്ത്രം ദുർബലമാകുന്നു.>> (നിസാഅ്: 76)

**അല്ലാഹു സത്യം (ഹഖ്) ഇന്നതാണെന്നതിനുള്ള തെളിവുകൾ സ്ഥാപിക്കുകയും, സത്യം ആഗ്ര ഹിക്കുന്നവർക്ക് വേണ്ടി സത്യാന്വേഷണത്തിന് സഹായിക്കുന്ന അടയാളങ്ങൾ നിശ്ചയിക്കുകയും, ആ മാർഗത്തിൽ തന്റെ ഔലിയാക്കളെ – അവർ അംഗബലം കുറവുള്ളവരും ദുർബലരുമാണെന്നതോടൊപ്പം തന്നെ – സഹായിക്കുകയും, അല്ലാഹുവിന്റെ ശത്രുക്കളെ അപമാനിതരാക്കുകയും പരാജയപ്പെടുത്തുകയും, അവർ ധാരാളം പേരുണ്ടായിട്ടും അവരുടെ മേൽ തന്റെ ശിക്ഷ ഇറക്കുകയും ചെയ്തിട്ടുണ്ട്. കണ്ണുതുറന്ന് വീക്ഷിക്കുന്നവർക്ക് ഇതിൽ വലിയ പാഠമുണ്ട്.**

﴿ لِّيَهۡلِكَ مَنۡ هَلَكَ عَنۢ بَيِّنَةٖ وَيَحۡيَىٰ مَنۡ حَيَّ عَنۢ بَيِّنَةٖۗ وَإِنَّ ٱللَّهَ لَسَمِيعٌ عَلِيمٌ ٤٢ ﴾ الأنفال: ٤٢

അല്ലാഹു തന്നെ അറിയിച്ചതു പോലെ : <<അതായത് നശിച്ചവർ വ്യക്തമായ തെളിവ് കണ്ടുകൊണ്ട് നശിക്കാനും, ജീവിച്ചവർ വ്യക്തമായ തെളിവ് കണ്ട് കൊണ്ട് ജീവിക്കുവാനും വേണ്ടി. തീർച്ചയായും അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു.>> (അൽ– അൻഫാൽ: 42)

ബദ്റിന്റെ ചരിത്രം പറഞ്ഞപ്പോഴാണ് ഈ ആയത്ത് അവതരിച്ചത്. ശത്രുക്കൾക്കെതിരെ - അവർ ധാരാളമുണ്ടായിരുന്നിട്ടും പടക്കോപ്പുകൾ അനേകം അവർക്ക് സ്വന്തമായിരുന്നിട്ടും കൂടി - വളരെ ന്യൂനപക്ഷം മാത്രമായിരുന്ന നബി(സ)യെയും സത്യവിശ്വാസികളെയും അല്ലാഹു സഹായിച്ചു. സത്യത്തിനോട് യോജിക്കാൻ അല്ലാഹുവിന്റെ തൗഫീഖ് ലഭിച്ചവർക്ക് ഇതിൽ വലിയ ദൃഷ്ടാന്തമുണ്ട്. എന്നാൽ തിരിഞ്ഞു കളയുകയും, നാശകാരികളാവുകയും ചെയ്തവർ ആ ദൃഷ്ടാന്തങ്ങളിൽ നിന്ന് അന്ധത നടിക്കുകയാണ്.

ഈ പറഞ്ഞത് സത്യനിഷേധികളും സത്യവിശ്വാസികളും തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങളെ സംബന്ധിച്ചാണ്. എന്നാൽ പ്രവാചകന്മാരുടെ ശത്രുക്കൾക്കിടയിലും ഭിന്നിപ്പുകൾ നിലനിൽക്കുന്നുണ്ട്. എന്നാൽ അവർ തമ്മിൽ പരസ്പരം നിലനിൽക്കുന്ന ഭിന്നിപ്പ് **വഴികേടിന്റെ വലയത്തിൽ നിന്ന് അവരെ പുറത്ത് ചാടിക്കുന്നില്ല**.

﴿ ذَٰلِكَ بِأَنَّ ٱللَّهَ نَزَّلَ ٱلْكِتَٰبَ بِٱلْحَقِّ ۗ وَإِنَّ ٱلَّذِينَ ٱخْتَلَفُوا۟ فِى ٱلْكِتَٰبِ لَفِى شِقَاقٍۭ بَعِيدٍ ﴿١٧٦﴾ ﴾ البقرة: ١٧٦

അല്ലാഹു സത്യനിഷേധികൾക്കിടയിലുള്ള ഭിന്നിപ്പിനെ സംബന്ധിച്ച് അറിയിച്ചത് ഇപ്രകാരമാണ് : <<സത്യം വ്യക്തമാക്കിക്കൊണ്ട് അല്ലാഹു വേദഗ്രന്ഥം അവതരിപ്പിച്ചു കഴിഞ്ഞിട്ടുള്ളതിനാലാണത്. വേദഗ്രന്ഥത്തിന്റെ കാര്യത്തിൽ ഭിന്നിച്ചവർ (സത്യത്തിൽ നിന്ന്) അകന്ന മാത്സര്യത്തിലാകുന്നു തീർച്ച.>> (അൽ-ബഖറ: 176)

﴿ إِنَّكُمْ لَفِى قَوْلٍ مُّخْتَلِفٍ ﴿٨﴾ يُؤْفَكُ عَنْهُ مَنْ أُفِكَ ﴿٩﴾ ﴾ الذاريات: ٨ - ٩

അല്ലാഹു പറഞ്ഞു : <<തീർച്ചയായും നിങ്ങൾ വിഭിന്നമായ അഭിപ്രായത്തിലാകുന്നു. (സത്യത്തിൽ നിന്ന്) തെറ്റിക്കപ്പെട്ടവൻ അതിൽ നിന്ന് (ഖുർആനിൽ നിന്ന്) തെറ്റിക്കപ്പെടുന്നു.>> (അദ്ദാരിയാത്ത്: 8,9)

സത്യനിഷേധികൾക്കിടയിലുള്ള ഭിന്നിപ്പിന്റെ കക്ഷികൾ മുഴുവൻ വഴികേടിലാണ്. എന്നാൽ ആദ്യം പറഞ്ഞ സത്യത്തിനും അസത്യത്തിനുമിടയിലുള്ള ഭിന്നിപ്പിൽ ഒരു വിഭാഗം അല്ലാഹുവിന്റെ പ്രശംസക്കർഹരും, മറുവിഭാഗം അല്ലാഹുവിന്റെ ആക്ഷേപത്തിന് വിധേയരായവരുമാണ്.

സത്യനിഷേധത്തിന്റെ വക്താക്കൾക്കിടയിലുള്ള ഭിന്നിപ്പുകളും, വഴികേടിന്റെ മാർഗത്തിലുള്ളവരുടെ ഭിന്നിപ്പുകളും പൂർണമായും ആക്ഷേപാർഹമാണ്; അവയെല്ലാം നിരർഥകവും വഴികേടുമാണ്. വഴികേടിന്റെ ആഴത്തിൽ അവർക്കിടയിൽ വ്യത്യാസങ്ങളുണ്ടാകാമെന്നു മാത്രം. ഒരു വിഭാഗം മറ്റൊരു വിഭാഗത്തെക്കാൾ വളരെ വഴിദൂരം വഴിപിഴച്ചിട്ടുണ്ടാകാമെന്നല്ലാതെ (അവരിൽ ആരുടെയും ഭിന്നതക്ക് യാതൊരു അർഥവുമില്ല). കൂടുതൽ വഴി പിഴച്ചവൻ അല്ലാഹുവിങ്കൽ കൂടുതൽ ആക്ഷേപാർഹനായി; അവന്റെ സങ്കേതം കൂടുതൽ മോശവുമായിരിക്കും. [3]

എന്നാൽ പ്രവാചകന്മാരുടെ മതത്തിന്റെ വലയത്തിൽ - അതായത് ഇസ്‌ലാമിക വലയത്തിൽ - പ്രവേശിച്ചവർക്കിടയിലും (മുസ്‌ലിംകൾക്കിടയിൽ) ഭിന്നിപ്പുകൾ നിലനിൽക്കുന്നുണ്ട്. അത്തരം ഭിന്നിപ്പുകളും അഭിപ്രായവ്യത്യാസങ്ങളും അല്ലാഹുവിന്റെ പ്രാപഞ്ചികമായ നിശ്ചയത്തിൽ (الإرادة الكونية) [4] പെട്ടതാണ്. അഭിപ്രാ

[3] ഇത് പ്രത്യേകം ശ്രദ്ധിക്കേണ്ട വിഷയമാണ്. ഉദാഹരണത്തിന് ക്രൈസ്തവർക്കിടയിൽ എണ്ണമില്ലാത്ത കക്ഷികളും അവാന്തരവിഭാഗങ്ങളുമുണ്ട്. ദൈവത്തിനെ മാത്രം വിളിച്ച് പ്രാർഥിക്കണമെന്ന് പറയുന്ന പെന്തക്കോസ്തുകാർ അവർക്കിടയിലുണ്ട്. എന്നാൽ ഇത്തരം അഭിപ്രായവ്യത്യാസങ്ങളൊന്നും തന്നെ കുഫ്ർ എന്ന വലയത്തിൽ നിന്ന് അവരെ പുറത്തെത്തിക്കുകയില്ല. വഴികേടിൽ ഒരു വിഭാഗം മറ്റൊരു വിഭാഗത്തെക്കാൾ മുന്നിലാണെന്ന് മാത്രം.
ബിദ്അത്തിന്റെ കക്ഷികളുടെയും അവസ്ഥ ഇപ്രകാരം തന്നെയാണ്. ഉദാഹരണത്തിന് നമ്മുടെ നാട്ടിലുള്ള സുന്നികൾക്കിടയിൽ അല്ലാഹുവല്ലാത്തവരോടുള്ള ഇസ്തിഗാസ അനുവദനീയമാക്കുന്നവരിൽ അനേകം അഭിപ്രായങ്ങളുണ്ട്. പക്ഷേ ആ അഭിപ്രായവ്യത്യാസങ്ങൾ ബിദ്അത്തിന്റെ കക്ഷികൾ എന്ന വിശേഷണത്തിൽ നിന്ന് അവരെ രക്ഷിക്കുന്നില്ല.

[4] അല്ലാഹുവിന്റെ ഉദ്ദേശങ്ങൾ (إرادة الله) രണ്ടു രൂപത്തിലാണ്.

യവ്യത്യാസങ്ങളുണ്ടാവുക എന്നത് മനുഷ്യപ്രകൃതിയുമാണ്. അല്ലാഹുവിന്റെ സൃഷ്ടിപ്പിന് പിന്നിലുള്ള അതിമഹത്തരമായ ഹിക്മത്ത് അതിന് പിന്നിലുണ്ട്. കാരണം മനുഷ്യരുടെ ബുദ്ധിയിലും സംസ്കാരങ്ങളിലും വികാരങ്ങളിലും സ്വാധീനങ്ങളിലും വ്യത്യാസങ്ങളുണ്ട്.

ഇസ്‌ലാമിക വൃത്തത്തിൽ പ്രവേശിച്ചവരെന്ന് നാം പറയുമ്പോൾ ഓർക്കുക - എല്ലാവരും തങ്ങൾ മുസ്‌ലിംകളാണെന്ന് സ്വയം അവകാശപ്പെടുന്നവരാണ് - ചിലർ ബാഹ്യമായി മാത്രം ഇസ്‌ലാമിനെ പ്രകടിപ്പിക്കുന്നവരാണ്; അവരുടെ മനസ്സകം ഇസ്‌ലാമിനെതിരാണ്. ഇവർ മുനാഫിഖുകൾ (കപടവിശ്വാസികൾ) ആണ്. അവരെ ഈ പറയുന്നതിൽ പരിഗണിക്കുകയോ ഗൗനിക്കുകയോ ചെയ്യേണ്ടതില്ല.

അവർ (നാം നേരത്തെ പറഞ്ഞ) പിശാചിന്റെ കക്ഷിയിൽ ഉൾപ്പെട്ടവരാണ്.

﴿ يَوْمَ يَبْعَثُهُمُ ٱللَّهُ جَمِيعًا فَيَحْلِفُونَ لَهُۥ كَمَا يَحْلِفُونَ لَكُمْ ۖ وَيَحْسَبُونَ أَنَّهُمْ عَلَىٰ شَىْءٍ ۚ أَلَآ إِنَّهُمْ هُمُ ٱلْكَـٰذِبُونَ ﴿١٨﴾ ٱسْتَحْوَذَ عَلَيْهِمُ ٱلشَّيْطَـٰنُ فَأَنسَىٰهُمْ ذِكْرَ ٱللَّهِ ۚ أُو۟لَـٰٓئِكَ حِزْبُ ٱلشَّيْطَـٰنِ ۚ أَلَآ إِنَّ حِزْبَ ٱلشَّيْطَـٰنِ هُمُ ٱلْخَـٰسِرُونَ ﴿١٩﴾ ﴾ المجادلة: ١٨ - ١٩

അല്ലാഹു പറയുന്നത് നോക്കൂ : <<അല്ലാഹു അവരെയെല്ലാം ഉയിർത്തെഴുന്നേൽപിക്കുന്ന ദിവസം. നിങ്ങളോടവർ ശപഥം ചെയ്യുന്നത് പോലെ അവനോടും അവർ ശപഥം ചെയ്യും. തങ്ങൾ (ഈ കള്ള സത്യം മൂലം) എന്തോ ഒന്ന് നേടിയതായി അവർ വിചാരിക്കുകയും ചെയ്യും. അറിയുക: തീർച്ചയായും അവർ തന്നെയാകുന്നു കള്ളം പറയുന്നവർ. പിശാച് അവരെ കീഴടക്കി വെക്കുകയും അങ്ങനെ അല്ലാഹുവെ പറ്റിയുള്ള ഉൽബോധനം അവർക്ക് വിസ്മരിപ്പിച്ചു കളയുകയും ചെയ്തിരിക്കുന്നു. **അക്കൂട്ടരാകുന്നു പിശാചിന്റെ കക്ഷി.** അറിയുക; തീർച്ചയായും പിശാചിന്റെ കക്ഷി തന്നെയാകുന്നു നഷ്ടക്കാർ.>> (അൽ-മുജാദല: 18,19)

ഇസ്‌ലാമിന്റെ അടിസ്ഥാനപരമായ നിയമങ്ങൾ പാലിക്കുന്ന മുസ്‌ലിംകളും മുഅ്മിനുകളുമായവർക്കിടയിലുള്ള അഭിപ്രായവ്യത്യാസങ്ങളെ സംബന്ധിച്ചാണ് നാം സംസാരിക്കുന്നത്. ഇവർക്കിടയിലെ ഭിന്നിപ്പുകളാണ് നമ്മുടെ ചർച്ചാവിഷയം.

ഇതിൽ പരിഗണിക്കേണ്ടത് **വിജ്ഞാനം നൽകപ്പെട്ട പണ്ഡിതന്മാർക്കിടയിൽ** നിലനിൽക്കുന്ന ഭിന്നിപ്പുകളെ മാത്രമാണ്. കാരണം മുസ്‌ലിംകളിൽ പെട്ട സാധാരണജനങ്ങൾക്കിടയിൽ ധാരാളം ഭിന്നിപ്പുകൾ നിലനിൽക്കുന്നുണ്ട്. **ഇതിന്റെ ഉറവിടം ഖുർആനും സുന്നത്തും പിൻപറ്റുന്നതിൽ ജനങ്ങൾക്കിടയിലുള്ള**

---

ഒന്ന്: പ്രാപഞ്ചികം (إِرَادَةُ اللهِ الكَوْنِيَّةُ). ഉദാഹരണത്തിന് ഒരാളെ കത്തി കൊണ്ട് കുത്തിയാൽ അവൻ മരണപ്പെടുക, സൂര്യൻ ഉദിക്കുക എന്നിവയെല്ലാം അവന്റെ പ്രാപഞ്ചികമായ ഉദ്ദേശമാണ്.
രണ്ട്: മതപരമായ ഉദ്ദേശം (إِرَادَةُ اللهِ الشَّرْعِيَّةُ). ഉദാഹരണത്തിന് അല്ലാഹുവിനെ മാത്രമെ അവന്റെ അടിമകൾ ആരാധിക്കാവൂ, നമസ്കാരം നിലനിർത്തണം പോലുള്ളവ.
ആദ്യം പറഞ്ഞത് (പ്രാപഞ്ചികമായ ഉദ്ദേശങ്ങൾ) അവന്റെ തൃപ്തിക്ക് ചിലപ്പോൾ യോജിച്ചതായിരിക്കാം, ചിലപ്പോൾ അല്ലായിരിക്കാം. എന്നാൽ രണ്ടാമത് പറഞ്ഞത് എല്ലായ്പ്പോഴും അവന്റെ തൃപ്തിക്ക് യോജിച്ചവയായിരിക്കും.
മനുഷ്യർ അഭിപ്രായവ്യത്യാസത്തിലാകുമെന്നത് അല്ലാഹുവിന്റെ പ്രാപഞ്ചിക നിയമത്തിൽ പെട്ടതാണ്. എന്നാൽ സത്യം അന്വേഷിച്ച് കണ്ടെത്തുകയും അത് മുറുകെ പിടിക്കുകയും ചെയ്യണമെന്നാണ് അവന്റെ മതപരമായ ഉദ്ദേശം.
മേൽ പറഞ്ഞതിനെ സംബന്ധിച്ച് കൂടുതൽ ചിന്തിക്കുക. മതവുമായി ബന്ധപ്പെട്ട അനേകം സംശയങ്ങൾക്ക് അവ ഉത്തരം നൽകും.

**ഏറ്റക്കുറച്ചിലുകളാണ്.** അല്ലാഹുവിന്റെ ഗ്രന്ഥത്തെയും നബി(സ)യുടെ ചര്യയെയും മുറുകെ പിടിക്കുക എന്ന ഈ അടിസ്ഥാനം പരിഗണിക്കുന്നതിൽ അനേകം മുസ്‌ലിംകൾ വലിയ അവഗണന കാണിക്കുന്നുണ്ട്. അവർ ഇരുട്ടിൽ വീണു പോയിരിക്കുന്നു. ജിന്നുകളിലും മനുഷ്യരിലും പെട്ട പിശാചുക്കളുടെ കൈകൾ അവരെ റാഞ്ചിയിരിക്കുന്നു. അല്ലാഹുവിന്റെ നിയമങ്ങളല്ല അവരുടെ മതം. അല്ലാഹു യാതൊരു തെളിവുമവതരിപ്പിക്കാത്തതിൽ അവർ വിശ്വാസമർപ്പിച്ചിരിക്കുന്നു.

ബിദ്അത്തുകൾ നിർമ്മിക്കുകയും, അതിനെ മതമായി ആചരിക്കുകയും ചെയ്യുന്ന ഈ ഉമ്മത്തിലുള്ള കക്ഷികളുടെ കാര്യത്തിൽ ഇത് വളരെ സത്യമാണ്. അവർക്കിടയിൽ തന്നെ ഭിന്നിപ്പുകൾ അനേകമുണ്ട്. അഹ്‌ലുസ്സുന്നത്തിവൽ ജമാഅഃയോട് അവർ എതിരാണ്. ഈ പറഞ്ഞതും ഭിന്നിപ്പുകളിൽ പെട്ട ഒരു ഇനമാണ്.

**عَنْ عَبْدِ اللهِ بْنِ عَمْرو -رضي الله عنهما- عَنِ النَّبِيِّ -ﷺ- قَالَ: «افْتَرَقَتِ اليَهُودُ عَلَى إِحْدَى وَسَبْعِينَ فِرْقَة، وَافْتَرَقَتِ النَّصَارَى عَلَى اثْنَتَيْنِ وَسَبْعِينَ فِرْقَة، وَسَتَفْتَرِقُ هَذِهِ الأُمَّةُ عَلَى ثَلَاثٍ وَسَبْعِينَ فِرْقَة، كُلُّهَا فِي النَّارِ إِلَّا وَاحِدَةٌ» قِيلَ : «مَنْ هِيَ يَا رَسُولَ اللهِ؟» قَالَ : «مَنْ كَانَ عَلَى مِثْلِ مَا أَنَا عَلَيْهِ وَأَصْحَابِي» وَفِي رِوَايَةٍ : قَالَ : «هِيَ الجَمَاعَةُ»**

നബി(സ)യുടെ പ്രസിദ്ധമായ ഹദീഥിൽ ഈ നാശകരമായ ഭിന്നിപ്പിനെ സംബന്ധിച്ച് അവിടുന്ന് നമ്മെ അറിയിച്ചിട്ടുണ്ട്. നബി(സ) പറഞ്ഞു : "യഹൂദന്മാർ എഴുപത്തി ഒന്ന് കക്ഷികളായി ഭിന്നിച്ചു; ക്രൈസ്തവർ എഴുപത്തിരണ്ട് കക്ഷികളായും ഭിന്നിച്ചു. **ഈ ഉമ്മത്ത് എഴുപത്തി മൂന്ന് കക്ഷികളായി ഭിന്നിക്കുക തന്നെ ചെയ്യും.** അവരെല്ലാവരും നരകത്തിലാണ്; ഒരു കക്ഷിയൊഴികെ." നബി(സ)യോട് ചോദിക്കപ്പെട്ടു : "അവർ ആരാണ് പ്രവാചകരേ!?" നബി(സ) പറഞ്ഞു : "ഞാനും സ്വഹാബത്തും നിലകൊള്ളുന്ന മാർഗത്തിൽ നിലകൊള്ളുന്നവരാണ വർ." മറ്റൊരു നിവേദനത്തിൽ ഇപ്രകാരമാണുള്ളത് : "അവർ അൽ-ജമാഅത്താണ്." [5]

ഒരു തരത്തിൽ നോക്കിയാൽ ഈ ഭിന്നത യഹൂദ-ക്രൈസ്തവരുടെ ഭിന്നിപ്പിനോട് സാദൃശ്യം വെച്ചു പുലർത്തുന്നുണ്ട്. കാരണം ഈ ഭിന്നിപ്പുകളുടെ ഉറവിടം അവലംബിക്കേണ്ട സ്രോതസ്സും, മുറുകെപ്പിടിക്കേണ്ട പ്രമാണവും ഏതെന്നതിലാണ്. **അഹ്‌ലുസ്സുന്നക്കും മറ്റുള്ള കക്ഷികൾക്കുമിടയിൽ നിലനിൽക്കുന്ന ഈ ഭിന്നിപ്പിൽ എപ്പോഴും സത്യം അഹ്‌ലുസ്സുന്നയോടൊപ്പമാണ്.**

**ഈ ഉമ്മത്തിൽ അഹ്‌ലുസ്സുന്നയുടെ സ്ഥാനം, മറ്റുള്ള മതങ്ങൾക്കിടയിൽ ഇസ്‌ലാമിനുള്ള സ്ഥാനം പോലെയാണ്. മറ്റു മതവിഭാഗങ്ങൾക്കിടയിൽ ഇസ്‌ലാമിന്റെ ഭാഗത്താണ് സത്യം. ഇതേ പ്രകാരം സകല കക്ഷികൾക്കുമിടയിൽ സത്യം എക്കാലവും അഹ്‌ലുസ്സുന്നയോടൊപ്പമാണ്.**

അഹ്‌ലുസ്സുന്നയോട് ഏതെങ്കിലും കാര്യത്തിൽ ഭിന്നത വെച്ചു പുലർത്തുന്നവൻ അവന്റെ ഭിന്നതയുടെ രൂപത്തിലും വലുപ്പത്തിലുമുള്ള തോതനുസരിച്ച് സ്വിറാത്തുൽ മുസ്ത്വഖീമിൽ നിന്ന് അകന്നു പോയിരിക്കുന്നു.

[5] തിർമിദി:2641, ആജുരി അശ്ശരീഅയിൽ:15-16, ഇബ്നു ബത്ത്വ അൽ-ഇബാനയിൽ:264-265, ഹാകിം:1/129.

ഈ കക്ഷികളിൽ ചിലവ മറ്റുള്ളവയെക്കാൾ സത്യത്തിൽ നിന്ന് അകലെയാണ്. ചിലതാകട്ടെ മറ്റു ചിലവയെക്കാൾ സത്യത്തോട് ചിലപ്പോൾ അടുത്തുമാണ്.

ഈ ഭിന്നതയെ സംബന്ധിച്ച് അല്ലാഹുവും റസൂലും അറിയിച്ചിട്ടുണ്ട്.

﴿ وَمَا تَفَرَّقُوٓا۟ إِلَّا مِنۢ بَعْدِ مَا جَآءَهُمُ ٱلْعِلْمُ بَغْيًۢا بَيْنَهُمْ ﴾ الشورى: ١٤

കാരണം അല്ലാഹു മുൻഗാമികളുടെ ഭിന്നിപ്പിനെ സംബന്ധിച്ച് ഇപ്രകാരം അറിയിച്ചു : <<പൂർവ്വവേദക്കാർ ഭിന്നിച്ചത് അവർക്ക് അറിവ് വന്നുകിട്ടിയതിന് ശേഷം തന്നെയാണ്. അവർ തമ്മിലുള്ള വിരോധം നിമിത്തമാണത്.>> (അശ്ശൂറ: 14)

ഈ ഉമ്മത്തിനെ ഭിന്നിപ്പിൽ നിന്ന് താക്കീത് ചെയ്യപ്പോൾ അല്ലാഹു പറഞ്ഞത് അതിനോട് കൂട്ടിവായിക്കുക:

﴿ وَلَا تَكُونُوا۟ كَٱلَّذِينَ تَفَرَّقُوا۟ وَٱخْتَلَفُوا۟ مِنۢ بَعْدِ مَا جَآءَهُمُ ٱلْبَيِّنَٰتُ ۚ وَأُو۟لَٰٓئِكَ لَهُمْ عَذَابٌ عَظِيمٌ ﴿١٠٥﴾ ﴾ آل عمران: ١٠٥

<<വ്യക്തമായ തെളിവുകൾ വന്നുകിട്ടിയതിന് ശേഷം പല കക്ഷികളായി പിരിഞ്ഞ് ഭിന്നിച്ചവരെപ്പോലെ നിങ്ങളാകരുത്. അവർക്കാണ് കനത്ത ശിക്ഷയുള്ളത്.>> (ആലു-ഇംറാൻ: 105)

﴿ وَمَا تَفَرَّقَ ٱلَّذِينَ أُوتُوا۟ ٱلْكِتَٰبَ إِلَّا مِنۢ بَعْدِ مَا جَآءَتْهُمُ ٱلْبَيِّنَةُ ﴿٤﴾ ﴾ البينة: ٤

അല്ലാഹു പറയുന്നു : <<വേദം നൽകപ്പെട്ടവർ അവർക്ക് വ്യക്തമായ തെളിവ് വന്നുകിട്ടിയതിന് ശേഷമല്ലാതെ ഭിന്നിക്കുകയുണ്ടായിട്ടില്ല.>> (അൽ-ബയ്യിന: 4)

നബി(സ) പറയുന്നത് നോക്കൂ : "നിങ്ങൾ മുൻകാലക്കാരുടെ ചര്യ ചാണിന് ചാണായും മുഴത്തിന് മുഴമായും പിൻപറ്റുക തന്നെ ചെയ്യും." [6]

എന്നാൽ അഹ്‌ലുസ്സുന്നയുടെ ഇടയിലും ഭിന്നിപ്പുകളുണ്ട്. എന്നാൽ അഹ്‌ലുസ്സുന്നയുടെ ഇടയിലുള്ള ഭിന്നിപ്പും, അഹ്‌ലുസ്സുന്നയും ബിദ്അത്തിന്റെ മറ്റു കക്ഷികളും തമ്മിലുള്ള ഭിന്നിപ്പുകളും, മറ്റുള്ള ബിദ്അത്തിന്റെ കക്ഷികൾ പരസ്പരമുള്ള ഭിന്നിപ്പുകളും തമ്മിലുള്ള പ്രധാനവ്യത്യാസം ഇതാണ്. **അഹ്‌ലുസ്സുന്ന ഒരു വിഷയത്തിൽ ഭിന്നിച്ചിട്ടുണ്ടെങ്കിൽ അതൊരിക്കലും വിശ്വാസപരമായ (അഖീദ) വിഷയങ്ങളിലായിരിക്കില്ല; അഖീദയിലെ വളരെ ശാഖാപരമായ കുറച്ച് അഭിപ്രായവ്യത്യസങ്ങൾ ഒഴിച്ചു നിർത്തിയാൽ.**

അഹ്‌ലുസ്സുന്നക്കിടയിലുള്ള അഭിപ്രായവ്യത്യാസം തീർത്തും കർമ്മശാസ്ത്ര വിഷയങ്ങളിൽ മാത്രമാണ്. അഹ്‌ലുസ്സുന്നക്കിടയിലും അവരുടെ സച്ചരിതരായ മുൻഗാമികളായ സ്വഹാബികൾക്കിടയിലും -അഭിപ്രായവ്യത്യാസങ്ങൾ സ്വഹാബികൾക്കിടയിലും ഉണ്ടായിട്ടുണ്ട്- ഉടലെടുത്ത അഭിപ്രായവ്യത്യാസങ്ങളെല്ലാം എടുത്താൽ അവ രണ്ട് രൂപത്തിലായിരിക്കും.

---

[6] ബുഖാരി:3456.

ഒന്ന് : വൈവിദ്ധ്യങ്ങളിലൂടെ ഉണ്ടായ വ്യത്യാസങ്ങൾ.

ഇത്തരം അഭിപ്രായവ്യത്യാസങ്ങളിൽ രണ്ട് അഭിപ്രായം പറഞ്ഞവരും ശരിയുള്ളവരാണ്. നബി(സ)യുടെ കാലഘട്ടത്തിൽ സ്വഹാബികൾ നബി(സ)യുടെ ഒരു വാക്ക് മനസ്സിലാക്കിയതിൽ ഭിന്നിച്ചത് ഉദാഹരണമായി പറയാം. നബി(സ) പറഞ്ഞു : "നിങ്ങളിലൊരാളും ബനൂ ഖുറൈളയിലെത്തിയാലല്ലാതെ അസർ നമസ്കരിക്കാൻ പാടില്ല." [7]

ബനൂ ഖുറൈളയിലേക്കുള്ള യാത്രക്കിടയിലാണ് നബി(സ) ഇത് പറഞ്ഞത്. ചിലർ യാത്രയുടെ ഇടയിൽ തന്നെ നമസ്കരിച്ചു. എന്നാൽ മറ്റു ചിലർ ബനൂ ഖുറൈളയിൽ എത്തുന്നതു വരെ അസർ നമസ്കരിക്കാതെ പിന്തിച്ചു. [8]

സത്യം ആരുടെ പക്ഷത്താണെന്ന് മനസ്സിലാക്കാൻ സാധിക്കാത്ത ഭിന്നിപ്പാണ് ഇത് എന്ന് ചിലർ പറഞ്ഞേക്കാം. എന്നാൽ ഇതിൽ രണ്ട് വിഭാഗവും ആക്ഷേപാർഹരല്ല; കാരണം അവർ ഇജ്തിഹാദ് നടത്തുകയാണുണ്ടായത്. അങ്ങനെ (പ്രമാണം മനസ്സിലാക്കിയതിൽ വന്ന വ്യത്യാസം കാരണത്താൽ വിവിധ അഭിപ്രായങ്ങൾ പറഞ്ഞ) രണ്ടു കക്ഷികളും സത്യത്തിന്റെ ഭാഗത്താണ്. ഇത് പെട്ടെന്ന് മനസ്സിലാക്കാൻ സാധിക്കുന്ന മറ്റൊരുദാഹരണമാണ് വിശുദ്ധ ഖുർആൻ പാരായണത്തിലുള്ള വൈവിധ്യങ്ങൾ (7 ഖിറാഅത്തുകൾ).

ഇതു പോലെ തന്റെ അടിമകൾക്ക് അല്ലാഹു തിരഞ്ഞെടുപ്പിന് അനുമതി നൽകിയ ഇടപാടുകളും ഇത്തരം അഭിപ്രായവ്യത്യാസങ്ങൾക്ക് ഉദാഹരണമായി എടുക്കാം.

﴿ مَا قَطَعْتُم مِّن لِّينَةٍ أَوْ تَرَكْتُمُوهَا قَائِمَةً عَلَىٰ أُصُولِهَا فَبِإِذْنِ اللَّهِ وَلِيُخْزِيَ الْفَاسِقِينَ ﴿٥﴾ ﴾ الحشر: ٥

അല്ലാഹു പറഞ്ഞു : <<നിങ്ങൾ വല്ല ഈന്തപ്പനയും മുറിക്കുകയോ അല്ലെങ്കിൽ അവയെ അവയുടെ മുരടുകളിൽ നിൽക്കാൻ വിടുകയോ ചെയ്യുന്ന പക്ഷം അത് അല്ലാഹുവിന്റെ അനുമതി പ്രകാരമാണ്. അധർമ്മകാരികളെ അപമാനപ്പെടുത്തുവാൻ വേണ്ടിയുമാണ്.>> (59:5)

മേൽ പറഞ്ഞ ഉദാഹരണങ്ങളിൽ നാം കണ്ടതെല്ലാം വൈവിധ്യങ്ങളാണ്; വൈരുദ്ധ്യങ്ങളല്ല. അഭിപ്രായവ്യത്യാസത്തിലുള്ള രണ്ട് വിഭാഗവും ഇതിൽ ആക്ഷേപാർഹരല്ല. മറിച്ച് രണ്ട് കക്ഷികൾക്കും അല്ലാഹുവിന്റെ പ്രതിഫലമുണ്ട്; രണ്ട് കക്ഷികളും സത്യത്തിൽ തന്നെയാണ്.

(അഹ്‌ലുസ്സുന്നക്കിടയിൽ ഉണ്ടായിട്ടുള്ള അഭിപ്രായവ്യത്യാസങ്ങളിലെ) രണ്ടാമത്തെ രൂപം : മുൻഗാമികളായ സലഫുകൾക്കും, അവരെ പിൻപറ്റിയ പിൻഗാമികൾക്കും ഇടയിലുള്ള അഭിപ്രായവ്യത്യാസങ്ങൾ. ഇത് വൈരുദ്ധ്യങ്ങളായി തന്നെ പരിഗണിക്കാവുന്ന അഭിപ്രായവ്യത്യാസങ്ങളാണ്. അവ രണ്ട് രൂപത്തിലുണ്ടായിരിക്കും :

ഒന്ന് : രണ്ട് അഭിപ്രായങ്ങളിൽ ഒന്ന് ശരിയാണെന്ന് വ്യക്തമാക്കുന്ന തെളിവ് വന്നിട്ടുള്ള അഭിപ്രായവ്യത്യാസങ്ങൾ. ഈ രണ്ട് അഭിപ്രായങ്ങളിൽ പ്രമാണത്തോടൊപ്പം നിൽക്കുന്നവ ശരിയും, എതിരായവ തെറ്റുമാണ്.

---

[7] ബുഖാരി, മുസ്‌ലിം:12/97.

[8] നബി(സ) പറഞ്ഞതിന്റെ ഉദ്ദേശം ബനൂ ഖുറൈളയിലേക്ക് അസർ നമസ്കാരത്തിന്റെ സമയം അവസാനിക്കുന്നതിന് മുൻപ് എത്താൻ ശ്രമിക്കലാണെന്ന് ചിലർ പറഞ്ഞു; അവർ നമസ്കരിച്ചതിന് ശേഷം യാത്ര തുടർന്നു. വേറെ ചിലരാകട്ടെ; ബനൂ ഖുറൈളയിൽ എത്തിയാലല്ലാതെ നമസ്കരിക്കാൻ പാടില്ലെന്നാണ് മനസ്സിലാക്കിയത്. രണ്ടു പേരും ചെയ്തതിനെ നബി(സ) ആക്ഷേപിച്ചില്ല.

എന്നാൽ ഈ അഭിപ്രായവ്യത്യാസത്തിലായിട്ടുള്ള രണ്ട് പേരും മുജ്തഹിദുകൾ (ഗവേഷണ യോഗ്യരായ പണ്ഡിതന്മാർ) ആണെന്നതിനാൽ [9] രണ്ടു പേർക്കും അല്ലാഹുവിങ്കൽ പ്രതിഫലവും, പ്രശംസയുമുണ്ട്. അഭിപ്രായവ്യത്യാസം നിലനിൽക്കുന്ന ഈ രണ്ട് വ്യക്തികളിൽ ഒരാൾ മറ്റൊരാളെക്കാൾ ശ്രേഷ്ഠനാണെങ്കിലും, സത്യം ആരുടെ പക്ഷത്താണെന്നതാണ് ഇവിടെ പരിഗണിക്കേണ്ടത്. [10]

ആരെങ്കിലും ഇജ്തിഹാദ് നടത്തുകയും, ശരി കണ്ടെത്തുകയും ചെയ്താൽ അല്ലാഹുവിങ്കൽ രണ്ട് പ്രതിഫലത്തിന് അദ്ദേഹം അർഹനാണ്. ഇജ്തിഹാദ് നടത്തിയപ്പോൾ അബദ്ധം സംഭവിച്ചവനാകട്ടെ ഒരു പ്രതിഫലവുമുണ്ട്.

«إِذَا اجْتَهَدَ الحَاكِمُ فَأَصَابَ فَلَهُ أَجْرَانِ، وَإِنْ أَخْطَأَ فَلَهُ أَجْرٌ وَاحِدٌ»

നബി(സ)യുടെ ഹദീഥിൽ വ്യക്തമായി ഈ കാര്യം പരാമർശിക്കപ്പെട്ടിട്ടുണ്ട്. അവിടുന്ന് പറഞ്ഞു : "ഒരു വിധികർത്താവ് ഇഹ്തിഹാദ് നടത്തുകയും, ശരി ലഭിക്കുകയും ചെയ്താൽ അദ്ദേഹത്തിന് രണ്ടു പ്രതിഫലമുണ്ട്. അബദ്ധം സംഭവിച്ചാൽ ഒരു പ്രതിഫലവുമുണ്ട്." [11]

മുജ്തഹിദിന് തന്റെ ഇജ്തിഹാദിൽ സംഭവിച്ച അബദ്ധം അല്ലാഹു പൊറുത്തു കൊടുക്കും.

﴿ وَلَيْسَ عَلَيْكُمْ جُنَاحٌ فِيمَآ أَخْطَأْتُم بِهِۦ وَلَٰكِن مَّا تَعَمَّدَتْ قُلُوبُكُمْۚ وَكَانَ ٱللَّهُ غَفُورًا رَّحِيمًا ﴿٥﴾ ﴾ الأحزاب: ٥

അല്ലാഹു പറയുന്നത് നോക്കുക : <<അബദ്ധവശാൽ നിങ്ങൾ ചെയ്തു പോയതിൽ നിങ്ങൾക്ക് കുറ്റമില്ല. പക്ഷെ നിങ്ങളുടെ ഹൃദയങ്ങൾ അറിഞ്ഞ് കൊണ്ടു ചെയ്തത് (കുറ്റകരമാകുന്നു.) അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.>> (33:5)

അപ്പോൾ, ഇത്തരം വിഷയങ്ങളിൽ അഭിപ്രായവ്യത്യാസത്തിലായിട്ടുള്ള രണ്ട് പേരും - അവരുടെ വാക്കുകൾ തീർത്തും പരസ്പര വിരുദ്ധമാണെങ്കിൽ കൂടി - അല്ലാഹുവിങ്കൽ പ്രതിഫലാർഹരും പ്രശംസക്ക് പാത്രീഭൂതരുമാണ്. എന്നാൽ സത്യം ഇവരിൽ ഒരാളോടൊപ്പം മാത്രമായിരിക്കും; (നേരത്തെ പറഞ്ഞ വൈവിദ്ധ്യങ്ങളിലെ വ്യത്യാസത്തിലെ പോലെ രണ്ട് പേരും സത്യത്തിന്റെ ഭാഗത്തായിരിക്കില്ല.)

വൈരുദ്ധ്യം വെച്ചു പുലർത്തുന്ന അഭിപ്രായഭിന്നതകളിൽ രണ്ടാമത്തെ രൂപം സത്യം ഏതെന്നു വ്യക്തമാകാത്തവയാണ്. രണ്ട് അഭിപ്രായങ്ങൾ വെച്ചു പുലർത്തുന്നവർക്കും ഖണ്ഡിതമായി അവലംബിക്കാവുന്ന

[9] സാധാരണക്കാർക്കിടയിൽ ഉണ്ടാകുന്ന അഭിപ്രായവ്യത്യാസങ്ങൾ ഇവിടെ പരിഗണിക്കുന്നില്ലെന്നും, ഖുർആനും സുന്നത്തും പിൻപറ്റുന്നതിലുള്ള ഏറ്റക്കുറച്ചിലുകൾ മാത്രമാണ് അത്തരം അഭിപ്രായവ്യത്യാസങ്ങളുടെ ഹേതുവെന്നും മുൻപ് പറഞ്ഞത് ഇവിടെ സ്മരണീയമാണ്.

[10] അബൂബക്കർ സിദ്ധീഖ്(റ)വും ഉമർ(റ)വും പറഞ്ഞതിനോട് ഇബ്നു അബ്ബാസ്(റ) വിയോജിച്ചത് ഉദാഹരണം. ഇബ്നു അബ്ബാസിനെക്കാൾ എത്രയോ ശ്രേഷ്ഠതയുള്ളവരാണ് മറ്റുള്ള രണ്ടു പേരും. എന്നാൽ തെളിവ് ആരുടെ പക്ഷത്താണുള്ളത് എന്നതാണ് അപ്പോൾ പരിഗണിക്കപ്പെടുക; തെളിവ് ലഭിക്കാത്തതു കൊണ്ട് അതിനെതിരെ സംസാരിച്ച വ്യക്തിയുടെ ശ്രേഷ്ഠത അപ്പോൾ പരിഗണിക്കപ്പെടുകയില്ല എന്ന് ചുരുക്കം.

[11] ബുഖാരി, മുസ്‌ലിം നവവിയുടെ ശർഹോടെ:13/12.

തെളിവ് ലഭിച്ചിട്ടില്ലാത്ത വിഷയങ്ങളായിരിക്കും ഇവ. തീർത്തും ഇജ്തിഹാദിയ്യായ [12] രംഗങ്ങളിൽ മാത്രമായിരിക്കും ഇത്തരം അഭിപ്രായവ്യത്യാസങ്ങൾ ഉടലെടുക്കുക.

ഖുർആനും സുന്നത്തുമാകുന്ന പ്രമാണങ്ങൾക്ക് എതിരാകാത്തിടത്തോളം, രണ്ട് അഭിപ്രായങ്ങൾ പറയുന്നവരിൽ ഒരാൾക്കും തന്റെ വാദമാണ് ശരിയെന്ന് വ്യക്തമാക്കാവുന്ന കൃത്യമായ പ്രമാണം കൊണ്ടുവരാൻ കഴിയാത്തിടത്തോളം, ഈ രണ്ട് വാദങ്ങളും നിലനിൽക്കുക തന്നെ ചെയ്യും. ഈ രണ്ട് അഭിപ്രായങ്ങൾ പറയുന്നവരും അവരുടെ സത്യം കണ്ടെത്താൻ വേണ്ടിയുള്ള പരിശ്രമത്തിന് (ഇജ്തിഹാദിന്) അല്ലാഹുവിങ്കൽ പ്രതിഫലാർഹരാണ്. എന്നാൽ ഈ അഭിപ്രായവ്യത്യാസങ്ങളിൽ ശരിയേതാണെന്ന് പൂർണമായി അറിയുന്നത് അല്ലാഹുവിന് മാത്രമാണ്.

ഇത്തരം വിവിധങ്ങളായ അഭിപ്രായവ്യത്യാസങ്ങൾ മനസ്സിലാക്കിയ ഓരോ മുസ്‌ലിമിന്റെ മേലും എപ്പോഴും ബാധ്യതയായിട്ടുള്ളത് അല്ലാഹുവിന്റെ ഗ്രന്ഥവും നബി(സ)യുടെ ചര്യയും (1) **പഠിക്കുന്നതിലും** (2) **പ്രാവർത്തികമാക്കുന്നതിലും** മുറുകെപ്പിടിക്കലും, (3) **ജനങ്ങൾക്കിടയിൽ വിധികൽപ്പിക്കുവാൻ** അവയെ സ്വീകരിക്കലുമാണ്.

﴿ إِنَّ ٱللَّهَ يَأۡمُرُكُمۡ أَن تُؤَدُّواْ ٱلۡأَمَٰنَٰتِ إِلَىٰٓ أَهۡلِهَا وَإِذَا حَكَمۡتُم بَيۡنَ ٱلنَّاسِ أَن تَحۡكُمُواْ بِٱلۡعَدۡلِۚ إِنَّ ٱللَّهَ نِعِمَّا يَعِظُكُم بِهِۦٓۗ إِنَّ ٱللَّهَ كَانَ سَمِيعَۢا بَصِيرٗا ٥٨ ﴾ النساء: ٥٨

അല്ലാഹു പറഞ്ഞു : <<വിശ്വസിച്ചേൽപിക്കപ്പെട്ട അനാമത്തുകൾ അവയുടെ അവകാശികൾക്ക് നിങ്ങൾ കൊടുത്തു വീട്ടണമെന്നും, ജനങ്ങൾക്കിടയിൽ നിങ്ങൾ തീർപ്പുകൽപിക്കുകയാണെങ്കിൽ **നീതിയോടെ തീർപ്പുകൽപിക്കണമെന്നും** അല്ലാഹു നിങ്ങളോട് കൽപിക്കുന്നു. **എത്രയോ നല്ല ഉപദേശമാണ് അവൻ നിങ്ങൾക്ക് നൽകുന്നത്.** തീർച്ചയായും എല്ലാം കേൾക്കുന്നവനും കാണുന്നവനുമാകുന്നു അല്ലാഹു.>> (നിസാഅ് :58)

﴿ وَإِذَا قُلۡتُمۡ فَٱعۡدِلُواْ ﴾ الأنعام: ١٥٢

അല്ലാഹു പറഞ്ഞു : <<നിങ്ങൾ സംസാരിക്കുകയാണെങ്കിൽ **നീതി പാലിക്കുക**.>> (അൽ–അൻആം: 152)

വിശുദ്ധ ഖുർആനിനെയും തിരുസുന്നത്തിനെയും മുറുകെപിടിക്കലും, വിധിപ്രഖ്യാപനങ്ങളിലും വാക്കുകളിലും നീതിപാലിക്കലും ഓരോ മുസ്‌ലിമിന്റെ മേലും അതിനാൽ തന്നെ നിർബന്ധ ബാധ്യതയാണ്. **സ്വന്തം അഭിപ്രായത്തിലോ, താൻ ചേർന്നു നിൽക്കുന്ന മദ്ഹബിന്റെ ഇമാമിന്റെ അഭിപ്രായത്തിലോ, ജനങ്ങളിൽ പെട്ട ഏതെങ്കിലും വ്യക്തിയുടെ – അവൻ എത്ര വലിയവനും സ്ഥാനമാനങ്ങളുള്ളവനോ ആകട്ടെ – വാക്കുകളിലോ തൂങ്ങിനിൽക്കുകയല്ല അവൻ ചെയ്യേണ്ടത്.**

[12] പ്രമാണം വ്യക്തമായി വന്നിട്ടില്ലാത്ത പുതിയ പ്രശ്നങ്ങൾ.

**മറിച്ച് തന്റെ മുന്നിൽ നിരത്തപ്പെട്ടിരിക്കുന്ന വാദഗതികളെയും, അവക്ക് നൽകപ്പെടുന്ന മറുപടികളെയും, ജനങ്ങളുടെ അഭിപ്രായങ്ങളെയുമെല്ലാം ഖുർആനും സുന്നത്തും കൊണ്ട് അവൻ പരിശോധിക്കണം. അല്ലാഹുവിന്റെ കൽപനയെ ഇങ്ങനെയാണ് പ്രാവർത്തികമാക്കേണ്ടത്.**

﴿ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ أَطِيعُواْ ٱللَّهَ وَأَطِيعُواْ ٱلرَّسُولَ وَأُوْلِي ٱلۡأَمۡرِ مِنكُمۡۖ فَإِن تَنَٰزَعۡتُمۡ فِي شَيۡءٖ فَرُدُّوهُ إِلَى ٱللَّهِ وَٱلرَّسُولِ إِن كُنتُمۡ تُؤۡمِنُونَ بِٱللَّهِ وَٱلۡيَوۡمِ ٱلۡأٓخِرِۚ ذَٰلِكَ خَيۡرٞ وَأَحۡسَنُ تَأۡوِيلًا ٥٩ ﴾ النساء: ٥٩

അവൻ നമ്മോട് കൽപ്പിച്ചിരിക്കുന്നത് നോക്കൂ : <<സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. അല്ലാഹുവിന്റെ ദൂതനെയും നിങ്ങൾ അനുസരിക്കുക. നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും. **ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്.**) അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും.>> <<നിസാഅ് :59)

അതിനാൽ തന്നെ, അഭിപ്രായവ്യത്യസങ്ങളിൽ നിലകൊള്ളുന്ന എല്ലാവരും ചെയ്യേണ്ടത് തങ്ങളുടെ അഭിപ്രായവ്യത്യാസങ്ങളെ ഖുർആനിലേക്കും സുന്നത്തിലേക്കും മടക്കലാണ്. ഖുർആനും സുന്നത്തും അല്ലാഹുവിന്റെ തീരുമാനം വരുന്നതു വരെ ഈ ലോകത്ത് നിലനിൽക്കുക തന്നെ ചെയ്യും. തന്റെ അടിമകൾക്ക് മേൽ അല്ലാഹുവിന്റെ തെളിവ് ഇവ രണ്ടുമാണ്. അഭിപ്രായവ്യത്യാസങ്ങളിൽ അവയിലേക്ക് മടങ്ങേണ്ടത് നിർബന്ധമാണ്.

﴿ وَمَا ٱخۡتَلَفۡتُمۡ فِيهِ مِن شَيۡءٖ فَحُكۡمُهُۥٓ إِلَى ٱللَّهِۚ ذَٰلِكُمُ ٱللَّهُ رَبِّي عَلَيۡهِ تَوَكَّلۡتُ وَإِلَيۡهِ أُنِيبُ ١٠ ﴾ الشورى: ١٠

അല്ലാഹു പറഞ്ഞു : <<നിങ്ങൾ അഭിപ്രായവ്യത്യാസക്കാരായിട്ടുള്ളത് ഏത് കാര്യത്തിലാവട്ടെ അതിൽ തീർപ്പുകൽപിക്കാനുള്ള അവകാശം അല്ലാഹുവിന്നാകുന്നു. അവനാണ് എന്റെ രക്ഷിതാവായ അല്ലാഹു. അവന്റെ മേൽ ഞാൻ ഭരമേൽപിച്ചിരിക്കുന്നു. അവങ്കലേക്ക് ഞാൻ താഴ്മയോടെ മടങ്ങുകയും ചെയ്യുന്നു.>> (അശ്ശൂറ: 10)

അഭിപ്രായവ്യത്യാസങ്ങളിൽ ഖുർആനിലേക്കും സുന്നത്തിലേക്കും മടങ്ങാൻ സാധിക്കുക അവ രണ്ടിനെയും (തന്റെ ജീവിതത്തിൽ പഠനത്തിലും പ്രവർത്തനത്തിലും) പരിഗണിക്കുകയും, അതിലെ പ്രമാണങ്ങളെ സംബന്ധിച്ച് അറിവ് നേടിയെടുക്കുകയും, അതിന്റെ അറിയിപ്പുകൾ മനസ്സിലാക്കാനുള്ള അവഗാഹം നേടിയവർക്കും **മാത്രമാണ്.**

**ഈ പറഞ്ഞ കാര്യങ്ങൾ സാധിക്കാത്തവർ വിജ്ഞാനവും (ഇൽമ്) മതബോധവും (തഖ്‌വയും അമലും ഉള്ളവർ) ഉണ്ടെന്ന് തനിക്ക് ബോധ്യപ്പെട്ടിട്ടുള്ള പണ്ഡിതന്മാരുടെ അടുക്കലേക്ക് മടങ്ങിച്ചെല്ലുകയും, അദ്ദേഹത്തിന്റെ നിർദേശങ്ങൾ സ്വീകരിക്കുകയും, അദ്ദേഹത്തിന്റെ വിശദീകരണങ്ങൾ കൊണ്ട് മാർഗദർശനം തേടുകയും ചെയ്യണം.**

﴿ فَسۡـَٔلُوٓاْ أَهۡلَ ٱلذِّكۡرِ إِن كُنتُمۡ لَا تَعۡلَمُونَ ٧ ﴾ الأنبياء: ٧

അല്ലാഹു പറഞ്ഞു : <<നിങ്ങൾക്ക് അറിയില്ലെങ്കിൽ അറിവ് നൽകപ്പെട്ടവരോട് ചോദിച്ച് നോക്കുക.>> (21:7)

അഹ്‌ലുസ്സുന്നക്കും, അവരല്ലാത്ത പിഴച്ച കക്ഷികൾക്കുമിടയിലുള്ള അഭിപ്രായവ്യത്യാസങ്ങളിൽ സത്യം വ്യക്തമാണ്. സ്വഹാബികളും അവരെ നല്ല രൂപത്തിൽ പിൻപറ്റിയവരും ആരാണോ, അവർ നിലകൊണ്ട മാർഗമാണ് സത്യത്തിന്റെ മാർഗം. അഹ്‌ലുസ്സുന്നയോട് എതിര് നിൽക്കുന്ന ഈ കക്ഷികളോടൊപ്പം സത്യവും അസത്യവും കൂടിക്കലർന്നിട്ടുണ്ട്. അത്തരം സന്ദർഭങ്ങളിൽ അവർ പറയുന്ന സത്യം സ്വീകരിക്കുകയും, അവരുടെയടുക്കലുള്ള അസത്യങ്ങൾ (ബാത്വിൽ) തള്ളിക്കളയുകയുമാണ് ചെയ്യേണ്ടത്. ഇക്കാര്യം പണ്ഡിതന്മാരെല്ലാം വിശദമാക്കിയിട്ടുണ്ട്.

**നിന്നോട് തർക്കിക്കുന്നവനോടുള്ള നീതിയുടെയും മാന്യതയുടെയും ഭാഗമാണ് അയാളുടെ അടുക്കലുള്ള സത്യം അംഗീകരിക്കലും, അസത്യത്തെ തള്ളിക്കളയലും. അങ്ങനെയാകുമ്പോഴാണ് നീ അവനോട് നീതി കാണിക്കുന്നവനും, അതിക്രമം പ്രവർത്തിക്കാത്തവനുമാകുന്നത്. അവൻ അർഹിക്കാത്ത ആക്ഷേപങ്ങളും ദേഷ്യവും നീ അവന്റെ മേൽ ചൊരിയരുത്. കാരണം എല്ലാ സന്ദർഭങ്ങളിലും നീതിയുള്ളവനായിരിക്കണം ഒരു മുസ്‌ലിം.**

**ഒരു മുസ്‌ലിമിനും കാഫിറിനുമിടയിൽ വിധിക്കുമ്പോൾ പോലും – സത്യം കാഫിറിന്റെ അടുക്കലാണെങ്കിൽ – നീതി കാണിക്കൽ നിർബന്ധമാണ്. അപ്പോൾ ഒരു സുന്നിയും (സുന്നത്തിനെ പിൻപറ്റുന്നവനും) ബിദ്അത്തുകാരനും തമ്മിലാണെങ്കിലും, ഒരു സൽകർമ്മിയും ദുഷ്കർമ്മിയും തമ്മിലാണെങ്കിലും അഭിപ്രായവ്യത്യാസങ്ങളിൽ നീതി പാലിക്കൽ എന്തു കൊണ്ടും നിർബന്ധമാണ്. അതിനാൽ തന്റെ തെളിവുകൾ വ്യക്തമാക്കിയവനോടൊപ്പമുള്ള സത്യത്തെയാണ് സ്വീകരിക്കേണ്ടത്.**

അഹ്‌ലുസ്സുന്നവൽ ജമാഅഃയോട് എതിര് നിൽക്കുന്ന ബിദ്അത്തിന്റെ കക്ഷികളുമായുള്ള അഭിപ്രായവ്യത്യാസങ്ങളിൽ മുഴുവൻ സത്യം അഹ്‌ലുസ്സുന്നയുടെ ഭാഗത്താണെന്ന് ഞാൻ നേരത്തെ പറഞ്ഞു. എന്നാൽ ഈ കക്ഷികൾ ചില വിഷയങ്ങളിൽ അഹ്‌ലുസ്സുന്നയോട് യോജിപ്പ് വെച്ചു പുലർത്തുന്നുണ്ട്; അവയിൽ അഹ്‌ലുസ്സുന്ന യോജിപ്പ് വെച്ചു പുലർത്തിയവയിൽ സത്യമുണ്ട്. എന്നാൽ അഹ്‌ലുസ്സുന്ന അവരോട് എതിരാണെങ്കിൽ അവരുടെ വാദങ്ങൾ തള്ളപ്പെടേണ്ടതാണ്.

എന്നാൽ അഹ്‌ലുസ്സുന്നയുടെ പണ്ഡിതന്മാർക്കിടയിൽ നിലനിൽക്കുന്ന അഭിപ്രായവ്യത്യാസങ്ങൾ ഞാൻ നേരത്തെ വ്യക്തമാക്കിയതു പോലെ ഒന്നല്ലെങ്കിൽ വൈവിദ്ധ്യങ്ങൾ മാത്രമാണ്; വൈരുദ്ധ്യങ്ങളല്ല.

ഇനി വൈരുദ്ധങ്ങൾ നിലനിൽക്കുന്ന അഭിപ്രായവ്യത്യാസങ്ങളാണെങ്കിൽ ഒന്നല്ലെങ്കിൽ തെളിവ് ആരുടെ പക്ഷത്താണുള്ളതെന്ന് വ്യക്തതയുണ്ടായിരിക്കും. ഇത്തരം അഭിപ്രായവ്യത്യാസങ്ങളിൽ തെറ്റു പറ്റിയവരെ തീർത്തും നിരാകരിക്കുകയും, നിഷേധിക്കുകയും ചെയ്യാൻ പാടില്ല. അയാൾക്ക് സംഭവിച്ച അബദ്ധം ചൂണ്ടിക്കാട്ടുകയും, അദ്ദേഹത്തിന് മറുപടി പറയുകയും ചെയ്യാം. കാരണം വിരുദ്ധാഭിപ്രായം വെച്ചു പുലർത്തുന്ന ഈ വ്യക്തി മുജ്തഹിദാണ് (ഗവേഷണ യോഗ്യനായ പണ്ഡിതൻ). അദ്ദേഹത്തിന് ചിലപ്പോൾ എന്തെങ്കിലും ഒഴിവുകഴിവുകൾ ഉണ്ടായേക്കാം. ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ അദ്ദേഹത്തിന്റെ 'റഫ്ഉൽ മലാം അൻ അഇമ്മത്തിൽ അഅ്ലാം' (رفع الملام عن أئمة الأعلام) എന്ന പ്രസിദ്ധ ഗ്രന്ഥത്തിൽ വിശദമാക്കിയതു പോലുള്ള ധാരാളം ഒഴിവുകഴിവുകൾ (ഉദ്റുകൾ) അദ്ദേഹത്തിനുണ്ടായിരിക്കാം.

ചിലപ്പോൾ അഭിപ്രായവ്യത്യാസമുള്ള വിഷയത്തിൽ ശരിയിലേക്ക് അദ്ദേഹത്തെ നയിക്കുമായിരുന്ന **തെളിവ് ലഭിച്ചിട്ടുണ്ടായിരിക്കണമെന്നില്ല**; അതുമല്ലെങ്കിൽ ആ തെളിവ് അദ്ദേഹത്തിന് **സ്വീകാര്യയോഗ്യമായ പരമ്പരയിലൂടെയായിരിക്കില്ല** ലഭിച്ചിട്ടുണ്ടായിരിക്കുക (അതിനാൽ ആ തെളിവ് ദുർബലമാണെന്ന് കരുതി അദ്ദേഹം അതിനോട് എതിരഭിപ്രായം പറഞ്ഞിട്ടുണ്ടാകാം.) അതുമല്ലെങ്കിൽ തനിക്ക് വന്നുകിട്ടിയ തെളിവ് **ദുർബലമാക്കപ്പെട്ട (മൻസൂഖ്) തെളിവാണെന്ന്** അദ്ദേഹം ധരിച്ചിട്ടുണ്ടായിരിക്കാം. ഈ ഒഴിവുകഴിവുകളിലെന്തെങ്കിലും ഉണ്ടെന്ന കാരണമായിരിക്കാം അദ്ദേഹം ശരിയോട് എതിരഭിപ്രായം പറയാനുള്ള കാരണം.

സത്യത്തോടൊപ്പം നിൽക്കണമെന്നത് മുസ്‌ലിമിന്റെ മേൽ നിർബന്ധമാണ്. സത്യത്തെ അവൻ അന്വേഷിച്ചു കൊണ്ടിരിക്കണം. സന്മാർഗത്തെയാണ് അവൻ പിൻപറ്റേണ്ടത്; തന്റെ ദേഹേഛയെ അല്ല. **ഒരു വ്യക്തിയോടും അന്ധമായ വിഭാഗീയത അവൻ വെച്ചു പുലർത്തുവാൻ പാടില്ല.**

നാല് മദ്ഹബുകളെ അന്തമായി പിൻപറ്റുക എന്നത് (അന്ധമായ വിഭാഗീയതക്കുള്ള) ഒരുദാഹരണമാണ്. മുൻഗാമികളായ ഇമാമുമാരിലേക്ക് തന്നെ ചേർത്തു പറയുന്നതിലോ, അവരെ മാതൃകയാക്കുന്നതിലോ, അവരുടെ വാക്കുകളിൽ നിന്ന് വെളിച്ചം കണ്ടെത്തുന്നതിലോ, അവരുടെ മതപരമായ അവഗാഹത്തെ ഉപയോഗപ്പെടുത്തുന്നതിലോ യാതൊരു തെറ്റുമില്ല. എന്നാൽ ഇമാമീങ്ങളോട് അന്ധമായ വിഭാഗീയത വെച്ചു പുലർത്തുകയും, തെളിവുകൾ പരിശോധിക്കാൻ സാധിക്കുന്ന വ്യക്തികൾ തഖ്ലീദ് ചെയ്യുകയും, എന്താണ് ഇമാം ഈ അഭിപ്രായം പറഞ്ഞതിനുള്ള തെളിവ് എന്ന് നോക്കാതെ അന്ധമായി അതിനെ അവലംബിക്കുകയും ചെയ്യുന്ന രീതിയാണ് ആക്ഷേപിക്കപ്പെടേണ്ടത്. പ്രമാണത്തെ പിൻപറ്റുക എന്നതും, പണ്ഡിതന്മാരെ ബഹുമാനിക്കുക എന്നതും ഒരു പോലെ നിർബന്ധമാണ്.

### പണ്ഡിതന്മാരോട് ജനങ്ങൾ സ്വീകരിച്ചിട്ടുള്ള നിലപാട് മൂന്നു രൂപത്തിലാണ്.

ഒന്ന് : പണ്ഡിതന്മാരെ ചെറുതാക്കിക്കാണിക്കുകയും, അവരുടെ പദവി എന്താണെന്ന് മനസ്സിലാക്കുകയും ചെയ്യാത്തവർ. പണ്ഡിതന്മാരുടെ വാക്കുകളിൽ അവർ യാതൊരു ഉപകാരവും ദർശിക്കുന്നില്ല. പണ്ഡിതന്മാർക്ക് പ്രമാണങ്ങളിലുള്ള അവഗാഹത്തെയും, അവർ പ്രമാണങ്ങൾക്ക് നൽകിയ വിശദീകരണങ്ങളെയും ഇവർ നോക്കുന്നില്ല. മതവിഷയങ്ങൾ മനസ്സിലാക്കുന്നതിൽ താൻ സ്വയം പര്യാപ്തനാണെന്ന ധാരണയിലാണ് അവൻ - **മതവിദ്യാർഥികളാണെന്നും, പ്രമാണത്തിനോടൊപ്പം നിൽക്കുന്നവരാണ് തങ്ങളെന്നും അവകാശപ്പെടുന്ന ചിലരിൽ ഈ സ്വഭാവം കാണപ്പെടാറുണ്ട്.** ഇത് ഇവരുടെ അടുക്കൽ നിന്നുള്ള (പ്രമാണത്തെ സ്വീകരിക്കുന്ന രൂപത്തിലുള്ള) അതിർകവിച്ചിലും, അതോടൊപ്പം (പണ്ഡിതന്മാർക്ക് കൽപ്പിക്കേണ്ട ആദരവിലുള്ള) അലംബാവവുമാണ്.

രണ്ട് : പണ്ഡിതന്മാരുടെ വിഷയത്തിൽ അതിരു കവിഞ്ഞവരാണിവർ. ഇവരിലെ എല്ലാ കക്ഷികളും അവർക്ക് പരിഗണനീയരായ പണ്ഡിതന്മാരെ നിശ്ചയിച്ചിരിക്കും. ശേഷം ആ പണ്ഡിതന്മാരുടെ വാക്കുകളല്ലാതെ ഇവർ പഠിക്കുകയോ മനസ്സിലാക്കുകയോ ഇല്ല. ഈ പണ്ഡിതനല്ലാത്തവരുടെ വാക്കുകളെ അവർ പരിഗണിക്കുകയേ ഇല്ല. ഖുർആനും സുന്നത്തും നോക്കാനേ അവർ തയ്യാറല്ല. ഇത് പണ്ഡിതന്മാരെ ബഹുമാനിക്കുന്നതിലുള്ള അതിർകവിച്ചലും, കിതാബും സുന്നത്തും പിൻപറ്റേണ്ടതിലുള്ള അലംബാവവുമാണ്.

മൂന്ന് : മധ്യമവും നീതിപൂർവ്വകവുമായ നിലപാട് സ്വീകരിച്ചിട്ടുള്ളവർ. അവർ ഖുർആനിനെയും സുന്നത്തിനെയുമാണ് വിധികർത്താക്കളായി നിശ്ചയിച്ചിട്ടുള്ളത്. അഭിപ്രായവ്യത്യാസങ്ങളിൽ അവർ

അവയിലേക്കാണ് വിധി തേടിപ്പോകുന്നത്. നബി(സ)യുടേതല്ലാത്ത എല്ലാവരുടെയും വാക്കുകളിൽ തള്ളേണ്ടതും കൊള്ളേണ്ടതുമായ കാര്യങ്ങളുണ്ടെന്ന് അവർ ഉറച്ചു വിശ്വസിക്കുന്നു.

ഇക്കാര്യം ഇമാമീങ്ങൾ തന്നെ ധാരാളം സന്ദർഭങ്ങളിൽ അറിയിച്ച കാര്യവുമാണ്. അബൂബക്കറിനോടും ഉമറിനോടും(റ) അന്ധമായ തഖ്‌ലീദ് സ്വീകരിച്ചവരോട് ഇബ്നു അബ്ബാസ്(റ)വിന്റെ മറുപടി നോക്കൂ : "ആകാശത്തു നിന്ന് നിങ്ങളുടെ മേൽ ചരൽക്കൽ വർഷം ഉണ്ടാകാറായിരിക്കുന്നു. അല്ലാഹുവിന്റെ റസൂൽ പറഞ്ഞുവെന്ന് ഞാൻ പറയുമ്പോൾ നിങ്ങൾ പറയുന്നു 'അബൂബക്കറും ഉമറും പറഞ്ഞിട്ടുണ്ടെന്ന്'." [13]

അപ്പോൾ അബൂബക്കറിന്റെയും ഉമറിന്റെയും(റ) എത്രയോ താഴെ മാത്രം സ്ഥാനമുള്ളവരുടെ വാക്കുകളുടെ അടിസ്ഥാനത്തിൽ ഖുർആനിനെയും സുന്നത്തിനെയും വലിച്ചെറിയുന്നവരുടെ അവസ്ഥ എന്താണ്?!

നിരുപാധികമായ അനുസരണവും, നിരുപാധികമായ അനുകരണവും നബി(സ)ക്കല്ലാത്ത മറ്റാർക്കും നിശ്ചയിക്കാതിരിക്കൽ ഓരോ മുസ്‌ലിമിനും നിർബന്ധമാണ്. എന്നാൽ അതോടൊപ്പം സ്വഹാബികളുടെയും പണ്ഡിതന്മാരുടെയും ഇസ്‌ലാമിലുള്ള സ്ഥാനം അവൻ മനസ്സിലാക്കുകയും വേണം. തന്റെ കഴിവുകളും കഴിവുകേടുകളും തിരിച്ചറിഞ്ഞ്, എല്ലാത്തിനും അതിന്റേതായ സ്ഥാനം നൽകാൻ അവന് കഴിയണം.

പണ്ടേ മുതൽ പറയപ്പെടാറുണ്ട് : "സ്വന്തം അവസ്ഥ തിരിച്ചറിയാൻ സാധിച്ചവന് അല്ലാഹു കാരുണ്യം ചൊരിഞ്ഞിരിക്കുന്നു."

പ്രിയപ്പെട്ട സഹോദരങ്ങളേ! അഭിപ്രായവ്യത്യാസങ്ങളുടെയും ഭിന്നിപ്പുകളുടെയും ഈ സമുദ്രത്തിൽ ഈ അടിസ്ഥാന നിയമങ്ങൾ - കിതാബും സുന്നത്തും മുറുകെ പിടിക്കുക എന്നതും, ഇൽമും (വിജ്ഞാനം) അദ്‌ലും (നീതിയും) പാലിക്കുക എന്നതും, തന്റെ വിജ്ഞാനത്തിലും പ്രവർത്തനങ്ങളിലും വിധിപ്രഖ്യാപനങ്ങൾ നടത്തുന്നതിലും അല്ലാഹുവിനെ സൂക്ഷിക്കുക എന്നതും - പാലിക്കാൻ ഞാൻ നിങ്ങളെ വസ്വിയ്യത്ത് ചെയ്യുന്നു.

ശരിയായ വഴിയിലേക്ക് നമ്മെ നയിക്കാനും, വഴികേടിന്റെ മാർഗങ്ങളിൽ നിന്ന് നമ്മെ അകറ്റിനിർത്താനും, വാക്കിലും പ്രവർത്തിയിലുമുള്ള സ്ഥിരതയില്ലായ്മയിൽ നിന്ന് നമ്മെ കാത്തുരക്ഷിക്കാനും അല്ലാഹുവിനോട് ഞാൻ പ്രാർത്ഥിക്കുന്നു.

നബി(സ)യുടെയും അവിടുത്തെ സ്വഹാബികളുടെയും കുടുംബത്തിന്റെയും മീതെ അല്ലാഹുവിന്റെ സ്വലാത്തും അനുഗ്രഹങ്ങളും വർഷിക്കുമാറാകട്ടെ.

[13] അഹ്മദ് ഈ ആശയത്തിൽ ഉദ്ധരിച്ചിരിക്കുന്നു (1/337), ഖത്തീബുൽ ബഗ്ദാദി അൽ-ഫഖീഹു വൽ-മുതഫഖിഹിൽ:144, ഇബ്നു അബ്ദിൽ ബർ ജാമിഉ ബയാനിൽ:570.

ഈ ലേഖനം സാധിക്കാവുന്ന രൂപത്തിൽ പ്രചരിപ്പിക്കണമെന്ന് ബഹുമാന്യ വായനക്കാരോട് അഭ്യർഥിക്കുന്നു.

ഇതിന്റെ പ്രിന്റെടുത്ത് നമ്മുടെ പള്ളികളിലും മറ്റും ഇടുന്നത് കൂടുതൽ ഈ വിജ്ഞാനം പ്രചരിപ്പിക്കുന്നതിന് സഹായകമാകും.

"ആരെങ്കിലും ഒരു നന്മയിലേക്ക് ക്ഷണിച്ചാൽ അവനെ

പിൻപറ്റിയവന്റെ പ്രതിഫലവും അവനുണ്ട്"

അല്ലാഹു നമ്മുടെ പ്രവർത്തനങ്ങൾക്ക് പ്രതിഫലം നൽകുമാറാകട്ടെ!

آمين


മനുഷ്യർക്കിടയിലുള്ള അഭിപ്രായഭിന്നതകൾ
കാഫിർ
മുസ്‌ലിം
മുനാഫിഖ്
അഹ്‌ലുൽ ബിദഅ്
അഹ്‌ലുസ്സുന്ന വൽ ജമാഅഃ
സാധാരണക്കാർ
പണ്ഡിതന്മാർ
വൈവിദ്ധ്യങ്ങൾ
വൈരുദ്ധ്യങ്ങൾ
1 ാം കക്ഷി
2 ാം കക്ഷി
ര□ു പേരും സത്യത്തിലാണ്; ഒരാളും ആക്ഷേപാർഹരല്ല.
വ്യക്തമായ തെളിവുള്ളവ
വ്യക്തമായ തെളിവില്ലാത്തത്
1 ാം കക്ഷി
2 ാം കക്ഷി
തെളിവ് ഒപ്പമില്ലാത്തത്
തെളിവ് ഒപ്പമുള്ളത്
തെറ്റ് പറ്റിയത് മുജ്തഹിദായ പണ്ഡിതനാണ്. തെളിവ് ലഭിക്കാതിരിക്കുക പോലെ എന്തെങ്കിലും ഒഴിവ്കഴിവ് അദ്ദേഹത്തിന് ഉ□ായത് കൊ□ാകാം ഇത് സംഭവിച്ചത്. സത്യം അന്വേഷിച്ചതിനുള്ള പ്രതിഫലം അദ്ദേഹത്തിനു□്.
ര□് പേർക്കും പുണ്യമു□്. ഇതിൽ സത്യം ആരുടെ ഭാഗത്താണ് എന്ന് അല്ലാഹുവിന് മാത്രമാണ് അറിയുക. ഇത്തരം വിഷയങ്ങളിൽ എതിരഭിപ്രായം സ്വീകരിച്ചവനെ ആക്ഷേപിക്കുവാനും, തെറ്റ് പറ്റിയവനെന്ന് വിളിക്കാനും പാടില്ല.